
# ആത്മീയതേജസ്

പ്രൊഫ. റാഫേൽ തട്ടിൽ



Malayalam
**Atmeeya Thejas** (Malayalam)

by
**Prof. Raphael Thattil**

First Impression - 12th May 2014

Cover Design: **Smriti Design**

Type setting : **Seby Kattukaran**

Printed at **Ebenezer Press**, Thrissur

© Reserved

Price : Rs. 60/-

All rights reserved. This work may not be translated or copied in whole or in part without the written permission of the writer and publisher, except for brief excerpts in connection with reviews or scholarly analysis.

SLNO. 8346

# ഉള്ളടക്കം

i. അവതാരിക - മാർ റാഫേൽ തട്ടിൽ

ii. ആശംസ 1 - ഡോ.ഫാ.പോൾ ആച്ചാണ്ടി

iii. ആശംസ 2 - ഫാ.ജോസ് ചുങ്കൻ

iv. ആമുഖം

1. ആത്മീയ ആചാര്യൻ - 13
2. കനീസിയുസച്ചനുമൊത്ത് ഒരു ദിവസം - 29
3. കർമ്മയോഗി - 33
4. ജ്ഞാനയോഗി - 39
5. ധർമ്മാരാം കോളേജ് റെക്ടർ - 47

6 വൈയക്തിക അനുഭവങ്ങൾ - 53

7. കുടുംബം ഭക്തിയുടെ ഈററില്ലം - 59



*പ്രൊഫ. റാഫേൽ തട്ടിൽ*
*ഗ്രന്ഥകർത്താവ്*

തൃശ്ശൂർ ജില്ലയിലെ തലോരിൽ, തട്ടിൽ ജോസഫ് - കുഞ്ഞിലക്കുട്ടി ദമ്പതികളുടെ മകനായി 1944 മേയ് 2ന് ജനനം. തലോർ സി.എം.ഐ. ആശ്രമം സെന്റ് തെരെസാസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. ഹൈസ്കൂൾ പഠനം എൽത്തുരുത്ത് സെന്റ് അലോഷ്യസിൽ. കർണാടകയിലെ ഡാർവാർ യുണിവേഴ്സിറ്റി കോളേജ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ ചരിത്രപഠനവും, എം. എ. ബിരുദവും.

1963-66 കാലഘട്ടത്തിൽ കനീസിയൂസച്ചനുമായി പ്രത്യേകബന്ധം. ആ ബന്ധം ആ പുണ്യ പുരുഷന്റെ മരണം വരെയും, അതിനുശേഷവും തുടരുന്നു.

എൽത്തുരുത്ത് ഹൈസ്കൂൾ, സെന്റ് അലോഷ്യസ് കോളേജ്; ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് എന്നിവിടങ്ങളിൽ അദ്ധ്യാപനം. 1999-ൽ ചരിത്രവിഭാഗം തലവനായിരിക്കെ വിരമിച്ചു.

ഒല്ലൂരിൽ ക്രൈസ്റ്റ് ഭവനത്തിൽ ഭാര്യ ആനി (റിട്ട. അദ്ധ്യാപിക)യോടും മക്കളായ ഗോഡ്വിൻ, ജീസൻ എന്നിവരോടും പേരക്കുട്ടികളോടുമൊത്ത് താമസം.

ഫോൺ : 0487 2354039, 9744738147

*കൃതികൾ*

അത്ഭുതപ്രവർത്തകനായ വി.അന്തോനി
ക്രിസ്തുദേവനും മഹാത്മജിയും
Mini English Grammar
English Grammar A Simple Approach





## അവതാരിക

ജീവിക്കുമ്പോൾ തന്നെ വിശുദ്ധനെന്ന് സർവരും കരുതിയിരുന്ന കനീസിയൂസച്ചനെക്കുറിച്ച് പ്രൊഫ. റാഫേൽ തട്ടിൽ എഴുതിയിരിക്കുന്ന ''ആത്മീയതേജസ്സ്'' എന്ന പുസ്തകത്തിന് അവതാരിക എഴുതുവാൻ എനിക്കേറെ ആനന്ദവും അഭിമാനവും ഉണ്ട്. പ്രൊഫ. റാഫേൽ തട്ടിലിനും കുടുംബത്തിനും കനീസിയൂസ് അച്ചനുമായുണ്ടായിരുന്ന ആത്മബന്ധങ്ങളാണ് ഈ പുസ്തകത്തിന്റെ സ്രോതസ്സ്. ഇതിന്റെ കയ്യെഴുത്തുപ്രതി ഞാൻ ശ്രദ്ധാപൂർവം വായിച്ചു.

കനീസിയൂസ് അച്ചന്റെ വ്യക്തിത്വവും ജീവിതമൂല്യങ്ങളും ശൈലിയും ഏറ്റവും ഹൃദ്യമായി ഗ്രന്ഥകർത്താവ് ഈ ചെറുപുസ്തകത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയ പ്രതിപാദനരീതി ഈ പുസ്തകത്തെ വികാരതീവ്രമാക്കുന്നു. പ്രതിപാദന രീതിയുടെ ലാളിത്യവും വ്യക്തതയും ഉള്ളടക്കത്തിന്റെ ഹ്യസ്വതയും ഈ പുസ്തകത്തെ ഒറ്റയിരുപ്പിൽ വായിച്ചുതീർക്കാൻ അനുവാചകനെ പ്രേരിപ്പിക്കുന്നു.

കനീസിയൂസ് അച്ചന്റെ നാമകരണ നടപടികൾക്ക് തുടക്കം കുറിക്കുവാൻ ആഗ്രഹിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പുതിയ പുസ്തകം ഏറെ പ്രസക്തമായിരിക്കുന്നു. അച്ചന്റെ സ്വർഗ്ഗീയ മാദ്ധ്യസ്ഥ്യം നമുക്ക് അനുഗ്രഹത്തിന് കാരണമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഗ്രന്ഥകർത്താവിനും പുസ്തകത്തിനും സർവ നന്മയും ദൈവാനുഗ്രഹവും നേരുന്നു.

ഈശോയിൽ നിങ്ങളുടെ സ്നേഹപിതാവ്

**മാർ റാഫേൽ തട്ടിൽ**
തൃശ്ശൂർ അതിരൂപത സഹായമെത്രാൻ



## *ആശംസ-1* സമർപ്പിതർക്ക് മാതൃക

ആനന്ദപുരത്തിന്റെ ഗ്രാമീണ നിർമ്മലതയും കർമ്മലീത്താ പൈതൃകത്തിന്റെ പ്രാർത്ഥനാ തീക്ഷണതയും, ചാവറ പിതാവിന്റെ പ്രവർത്തന ശൈലിയും സ്വന്തമാക്കിയ പുണ്യശ്ലോകനായ കനീസിയൂസച്ചൻ സർവ്വസമർപ്പിതർക്കും മാതൃകയും ചൂണ്ടുപലകയുമാണ്. വചനം പഠിച്ച്, പഠിപ്പിച്ച്, ശിഷ്യരെ വചനോപാസകരാക്കിയ കനീസിയൂസച്ചൻ വചനാധിഷ്ഠിത ജീവിത സാക്ഷ്യപത്രമാണ്. 'ദൈവേഷ്ടം, അതുമാത്രം, അതുമുഴുവൻ' ജീവിത പ്രമാണമാക്കിയ ഈ ഗുരുശ്രേഷ്ഠൻ അന്വേഷിച്ചത് ദൈവരാജ്യവും അവിടുത്തെ നീതിയും മാത്രമായിരുന്നു. കണ്ടവർക്കും, കേട്ടവർക്കും, സഹസന്ന്യാസികൾക്കും, സഹപ്രവർത്തകർക്കും ജീവിക്കുന്ന വിശുദ്ധനായിരുന്നു ഈ കർമ്മയോഗി.

വിശുദ്ധരുടെ കബറിടം എത്ര മനോഹരം! അതിലേറെ മനോഹരമാണല്ലോ അവരുടെ ജീവിതം!! പുണ്യശ്ലോകനായ ബ. കനീസിയൂസച്ചനെ തന്റെ ജീവിതാനുഭവങ്ങളിലൂടെ പരിചിയപ്പെടുത്തുന്ന ഈ ഗ്രന്ഥം രചിച്ച ആദരണീയനായ റാഫേൽ സാറിന് അനുമോദനങ്ങളും നന്ദിയും ആശംസിക്കുന്നു. ഈ ചെറുഗ്രന്ഥം വിശുദ്ധിയുടെ വഴിത്താരയിൽ വ്യക്തികൾക്കും കുടുംബങ്ങൾക്കും മാർഗ്ഗദീപമാകട്ടെ.

പ്രാർത്ഥനയോടെ,

**ഡോ. ഫാ. പോൾ ആച്ചാണ്ടി സി. എം. ഐ.**
പ്രിയോർ ജനറൽ
ചാവറ ഹിൽസ്, കാക്കനാട്,
കൊച്ചി-682030







## *ആശംസ-2* ഒരു വെളിപ്പെടുത്തൽ

ഒരു വാക്ക് ഒരു പുസ്തകമായി പരിണമിച്ചതിന്റെ സന്തോഷത്തിലാണ് ഞാൻ. 'ജീവിക്കുന്ന വിശുദ്ധൻ : ഫാ. കനീസിയൂസ്' എന്ന ഗ്രന്ഥം വായിച്ചശേഷം അനുമോദനം അറിയിക്കുവാനും കനീസിയൂസച്ചനുമായി ബന്ധപ്പെട്ട ചില അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുമായി മുൻ സഹപ്രവർത്തകനായിരുന്ന പ്രൊഫ. റാഫേൽ തട്ടിൽ 'ഗലീലി'യിൽ വന്നു. അദ്ദേഹത്തെ ശ്രവിച്ചു കഴിഞ്ഞപ്പോൾ, 'മാലോകർ അറിഞ്ഞാൽ എത്രയോ ഉപകാരം' എന്ന ചിന്ത എന്നിൽ ഉദയം ചെയ്തു. ഞാൻ ചോദിച്ചു: "സാറേ ഇതു ഒരു പുസ്തകമാക്കിക്കൂടെ?" അതിനുള്ള ഉത്തരമാണ് ഈ ഗ്രന്ഥം.

കനീസിയൂസച്ചന്റെ നാമകരണ നടപടി സമാരംഭിക്കുന്നതിനുള്ള കേളികൊട്ട് ഉയർന്നു കഴിഞ്ഞിരിക്കുന്ന ഈ അനുഗ്രഹീത സന്ദർഭത്തിൽ പ്രസാധനം ചെയ്യപ്പെടുന്ന ഈ കൃതി, അദ്ദേഹത്തെക്കുറിച്ച് ഒരു അൽമായ സഹോദരൻ എഴുതിയ പ്രഥമഗ്രന്ഥം എന്ന വെൺതൂവൽ മൗലിയിൽ അണിയാൻ അർഹതയുള്ളതായി തീർന്നിരിക്കുന്നു. എങ്കിലും ഒരു സിം. എം. ഐ. ഗന്ധം ഇതിനുണ്ട്. അതിന്റെ കാരണം ഉൾപേജുകളിൽ നിന്ന് സുഗ്രാഹ്യമാകുമെന്നതിനാൽ ഇവിടെ വെളിപ്പെടുത്തുന്നില്ല.

ഈ രചനയിലെ ഏറ്റവും വലിയ സവിശേഷത, അതിന്റെ ആർജ്ജവത്തമാണ്. പ്രതിപാദന ശൈലി മാത്രമല്ല, തെരഞ്ഞെടുത്ത വസ്തുതകളും ഈ ഗുണമുള്ളവയാണ്. നേരിട്ടനുഭവിച്ച യാഥാർത്ഥ്യങ്ങൾ നേരറിയിക്കാൻ വേണ്ടി വെളിപ്പെടുത്തുമ്പോഴുള്ള ചൂടും ചന്തവും ഇതിനുണ്ടെന്ന് ആരും സമ്മതിക്കും. നാല് ഗ്രന്ഥങ്ങളുടെയും അനേകം ലേഖനങ്ങളുടെയും കർത്താവായ തട്ടിൽ സാറിന്റെ രചനാവൈഭവവും ദീർഘകാലത്തെ അദ്ധ്യാപനപരിചയവും ഈ ചെറു പുസ്തകത്തെ കനക സമാനം വിലപ്പെട്ടതാക്കിയിരിക്കുന്നു.

കനീസിയൂസച്ചന്റെ നടപ്പിലെ 'നമ്രശീർഷത്വം' അദ്ദേഹത്തിന്റെ തലപ്പൊക്കവും, സൗമ്യമായ പെരുമാറ്റം ആന്തരഗാംഭീര്യവും, മൃദുവായ വാക്കുകൾ പാണ്ഡിത്യവും, ഉപദേശമൊഴികൾ 'അദ്ധ്യാപകത്വവും', കാർക്കശ്യഭാവം

'സന്യസ്നവും', മുട്ടിന്മേൽ നില്ക്കൽ വിശുദ്ധിയും ആയിരുന്നു. അവയെല്ലാം ഒപ്പിയെടുത്ത് അവതരിപ്പിക്കാൻ കഴിഞ്ഞ ഗ്രന്ഥകാരൻ തീർച്ചയായും അനുമോദനം അർഹിക്കുന്നു.

ബ. കനീസിയൂസച്ചന്റെ പഠന - പരിശീലന കാലഘട്ടത്തെക്കുറിച്ച്, നിലവിലുള്ള ധാരണകൾ തിരുത്തി, ഒരു പുതിയ വെളിപ്പെടുത്തൽ നടത്തികൊള്ളട്ടെ. അദ്ദേഹത്തിന്റെ ആദ്യവ്രതം ഒരു വർഷം മുമ്പേ നടക്കേണ്ടതായിരുന്നു- 1934 ൽ.

എന്നാൽ, "സ്കൂൾ പഠനം കഴിഞ്ഞു നിന്നിരുന്ന നമ്മുടെ ഏഴുയോഗാർത്ഥിക്കുട്ടികളെ പതിവുപോലെ നൊവിസ്യാത്തിലേക്കു വിടുന്നതിനു പകരം, ആലുവാ ആശ്രമത്തിൽ ലത്തീനും സുറിയാനിയും പഠിക്കുന്ന അവിടുത്തെ യോഗാർത്ഥിക്കുട്ടികളോടുകൂടി പഠിക്കുന്നതിനായി പെ.ബ. ജനറാളച്ചന്റെ കല്പന പ്രകാരം ഇന്ന് ഉച്ചയുണ്ടു കഴിഞ്ഞു ബ. അൽഫോൻസ് അച്ചന്റെ കൂടെ ആലുവായ്ക്കലേയ്ക്കു വിട്ടു"* എന്ന് ചരിത്രത്തിൽ വായിക്കുന്നു. ആ ഏഴുപേരിൽ നാലാമനാണ് തെക്കേക്കര ജോസഫ്.

മുൻ അന്വേഷണങ്ങളിൽ കണ്ടെത്താൻ കഴിയാതിരുന്നതും കേട്ടുകേൾവിപോലും ഇല്ലാതിരുന്നതുമായ ഇക്കാര്യം 2014 ഏപ്രിൽ 11 ന് മാത്രമാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്.

കുടുതൽ അന്വേഷിച്ചപ്പോൾ, എൽ.എസ്.എസ് പറപ്പൂക്കരയിൽ നിന്ന് ടി.സി. വാങ്ങി, കൊ.വ. 1102 ഇടവം 23ന് എൽത്തുരുത്ത് സെന്റ് അലോഷ്യസിൽ ഒന്നാം ഫാറത്തിൽ (No. 2060) ചേർന്നെന്നും, മൂന്നാം ഫാറം പാസ്സായി 1930 ജൂൺ 5ന് ടി.സി. വാങ്ങിച്ചെന്നും,* പാവറട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ നാലാം ഫാറത്തിൽ (No. 3265) ചേർന്നെന്നും, 1933 ൽ ആറാം ഫാറം പാസ്സായെന്നും, 1933 ജൂലായ് 20ന് ആലുവായ്ക്ക് പോയെന്നും, പഠനം കഴിഞ്ഞ് തിരിച്ചെത്തിയശേഷം 1934 ജൂലായ് 30ന് അമ്പഴക്കാട്ടേക്കു അയക്കപ്പെട്ടു*വെന്നും, പുതുതായി, മനസ്സിലാക്കാൻ കഴിഞ്ഞു.

1933 വരെയുള്ള ക്രമചട്ടം അനുസരിച്ച്, എസ്. എസ്. എൽ.സി പാസ്സായാലുടൻ നൊവിഷ്യേറ്റിൽ പ്രവേശിക്കുകയും തൊട്ടടുത്ത വർഷം ആദ്യവ്രതം നടത്തുകയും ചെയ്യും. പക്ഷേ, അപ്പോഴാണ് മുകളിൽ സൂചിപ്പിച്ച പുതിയ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടത്.

മനുഷ്യരെല്ലാം വിശുദ്ധരായി, മാലാഖാകുഞ്ഞുങ്ങളായി ജനിക്കുന്നു. ചിലർ അതേ അവസ്ഥയിൽ തന്നെ വളരുന്നു.



മറ്റു ചിലർ അശുദ്ധരായി, സാത്താന്റെ സന്തതികളായി ജീവിക്കുന്നു; മരിക്കുന്നു. ചെറിയ ചെറിയ തെറ്റുകൾക്ക് വിധേയനായിട്ടുണ്ടായിരിക്കാമെങ്കിലും, മരണപത്രത്തിൽ രേഖപ്പെടുത്തി പിൻതലമുറയ്ക്ക് പൈതൃകമായി നൽകിയിട്ടുള്ളതുപോലെ, കനീസിയൂസച്ചൻ ഒരു വിശുദ്ധ പുഷ്പമായിരുന്നു.".. പരിമിതികൾക്കു പുറമേ, സ്വന്തം നിസ്സാരതയും ഭോഷത്തവും വിവരക്കേടും അപകവവുമുണ്ടായിരിക്കെ, മനസ്സുവച്ചാൽ ദൈവസഹായത്തോടെ സന്യാസമൂല്യങ്ങൾ പാലിച്ചുകൊണ്ട് ദൈവസമക്ഷം നിർമ്മല ഹൃദയരും പ്രസന്നവദനരും നിഷ്കളങ്കരുമായി വ്യാപരിക്കുക സുസാദ്ധ്യമാണ് എന്ന അനുഭവസാക്ഷ്യം സമ്പത്തായി എനിക്കുണ്ട്." (കനീസിയൂസച്ചനും കർമ്മലീത്താ സഭയും - ഫാ. ജോസ് ചുങ്കൻ, പേജ്- 771) അതെ, നമ്മുടെ ഇടയിൽ വസിച്ചിരുന്നവനായിരുന്നു എങ്കിലും അകളങ്കിതവും അസാധാരണവുമായ വ്യക്തിത്വം അദ്ദേഹത്തിന് സ്വന്തമായിരുന്നു.

അദ്ദേഹത്തിന്റെ വിശുദ്ധിയിലും മദ്ധ്യസ്ഥ ശക്തിയിലും ഗ്രന്ഥകാരന് വിശ്വാസമല്ല, ഉറച്ചബോധ്യം തന്നെയാണ് ഉള്ളത്. അതുകൊണ്ടാണ് 'താനും കുടുംബാംഗങ്ങളും എന്നും കനീസിയൂസച്ചനോട് പ്രത്യേകം പ്രാർത്ഥിക്കാറുണ്ടെന്ന്' അദ്ദേഹം ഏറ്റുപറയുന്നത്.

ഗ്രന്ഥകാരന് അനുമോദനങ്ങളും, അനുവാചകർക്ക് വിശുദ്ധിയുടെയും വിജ്ഞാനത്തിന്റെയും പ്രകാശവും, ഗ്രന്ഥത്തിന് പ്രചുരപ്രചാരത്തോടൊപ്പം വിശുദ്ധരുടെ സാക്ഷ്യപ്പട്ടികയിലുള്ള സ്ഥാനവും ആശംസിക്കുന്നു.

**ഫാ. ജോസ് ചുങ്കൻ സിം. എം. ഐ.**
(മുൻ പ്രിൻസിപ്പൽ ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട)
'ഗലീലി', ചിയ്യാരം,

*പരിശോധിച്ച രേഖകൾ :

1. പാവറട്ടി ആശ്രമം നാളാഗമം 1926 - 1934 (ബുക്ക് നമ്പർ C.2).
2. അഡ്മിഷൻ രജിസ്റ്റർ, പാവറട്ടി സെന്റ് ജോസഫ്സ് ഹൈസ്കൂൾ.
3. അഡ്മിഷൻ രജിസ്റ്റർ, സെന്റ് അലോഷ്യസ് ഹൈസ്കൂൾ, എൽത്തുരുത്ത് (1539 - 2862).

# ആമുഖം

പുണ്യശ്ലോകനായ കനീസിയൂസച്ചനെ കേരളീയ സമൂഹത്തിന് പരിചയപ്പെടുത്തുന്ന ഏതാനും ഗ്രന്ഥങ്ങൾ ഇതിനകം പ്രസിദ്ധീകൃതമായിട്ടുണ്ട്. വിവിധ തലങ്ങളിൽ അദ്ദേഹം കാഴ്ചവച്ച പ്രവർത്തനങ്ങൾ, അദ്ദേഹത്തിന്റെ ആഴമായ പഠനങ്ങൾ, അദ്ദേഹത്തിൽ നിറഞ്ഞ് തുളുമ്പിയിരുന്ന ആദ്ധ്യാത്മികത, പീഡാസഹനങ്ങളോടുള്ള അദ്ദേഹത്തിന്റെ സമീപനം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്നവയാണ് അവയെല്ലാം. എത്രയോ ഉന്നതസ്ഥാനങ്ങൾ ദൈവപരിപാലനയിൽ അദ്ദേഹത്തെ തേടിയെത്തി - ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയ സന്യാസ സഭയായ സി.എം.ഐ. യുടെ പ്രിയോർ ജനറൽ (1966-72), തൃശൂർ ദേവമാതാ പ്രൊവിൻഷ്യൽ (1972-75), ബാംഗ്ലൂർ ധർമ്മാരം കോളേജ് റെക്ടർ (1960-66), സി.എം.ഐ. സഭയുടെ അസിസ്റ്റന്റ് ജനറൽ (1978-81) തുടങ്ങിയ ഉത്തര വാദിത്വമേറിയ സ്ഥാനങ്ങൾ അഹങ്കാരമോ ഗർവോ കൂടാതെ തികഞ്ഞ എളിമയോടെ വഹിച്ച മഹാനായിരുന്നു കനീസിയൂസച്ചൻ. ഈ രംഗങ്ങളിലെല്ലാം അദ്ദേഹം വിജയിയായി ശോഭിച്ചത് ലൗകിക ഭരണ സാമർത്ഥ്യം കൊണ്ടെന്നതിനേക്കാൾ അടിയുറച്ച ആത്മീയ ദിവ്യപ്രകാശം കൊണ്ടാണ്.

കനീസിയൂസച്ചനെ ഒരു യഥാർത്ഥ ആത്മീയ തേജസ്സായി നോക്കിക്കാണുകയാണ് എനിക്ക് ഏറെ ഇഷ്ടം. അദ്ദേഹം ഒരു വിശുദ്ധനാണെന്ന കാര്യത്തിൽ അദ്ദേഹത്തെ അടുത്തറിഞ്ഞ ഏവർക്കുമെന്നതുപോലെ എനിക്കും സംശയമില്ല. അദ്ദേഹത്തോട് ഇടപഴകുന്നവർക്ക് ആ ദിവ്യചൈതന്യത്തിന്റെ മാസ്മരശക്തി അനുഭവപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ആത്മീയതയുടെ അയസ്കാന്ത വലയത്തിൽ അഭിമാനത്തോടെ അകപ്പെട്ട ഒരു എളിയ മനുഷ്യനാണ് ഞാൻ.

ജീവിതത്തിന്റെ അവസാനത്തെ പതിനാറ് വർഷം പ്രാർത്ഥനയും ധ്യാനവുമായി, ഉപദേശവും ആത്മീയ





ശുശ്രൂഷകളുമായി പരിയാരത്തെ, സാക്ഷാത്കാരയിൽ താപസനായി ചിലവഴിച്ചു. വൈയക്തിക പ്രശ്നങ്ങളുടെ തീച്ചൂളയിൽ വെന്തുനീറുന്നവർക്കായി ദിവ്യകാരുണ്യ സന്നിധിയിൽ മണിക്കൂറുകൾ ചിലവഴിച്ചു. തന്നെ സമീപിച്ചവർക്കെല്ലാം ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും നിർല്ലോഭമായി ലഭിച്ചു. എന്റെ വ്യക്തിപരമായ ഏതാനും അനുഭവങ്ങൾ ഈ ഗ്രന്ഥത്തിലൂടെ ഞാൻ പങ്ക് വയ്ക്കുന്നു.

രോഗങ്ങൾ കൂടെക്കൂടെ അദ്ദേഹത്തെ അസ്വസ്ഥനാക്കിയ തോടെ സി.എസ്.ആറിൽനിന്ന് അമ്പഴക്കാട് ആശ്രമത്തിലേക്ക് അധികാരികളുടെ നിർദ്ദേശപ്രകാരം സ്ഥലംമാറി. ഞാനും സഹധർമ്മണിയും അവിടെയും അദ്ദേഹത്തെ സന്ദർശിച്ചു. ഒരു ദിവസം മുഴുവൻ അദ്ദേഹത്തിന്റെ സവിധത്തിലിരുന്ന് പ്രാർത്ഥിക്കാനുള്ള എന്റെ ആഗ്രഹം പ്രിയോർ പെ. ബ. എവുസേബിയൂസച്ചനെ ഞാൻ അറിയിച്ചു. അദ്ദേഹം സമ്മതം മൂളി. അതിനകം അദ്ദേഹത്തിന്റെ ആരോഗ്യനില തീർത്തും വഷളായിരുന്നു. ആമവാതം മൂലം അസഹ്യമായ വേദന അനുഭവിച്ചിരുന്നുവെങ്കിലും എല്ലാം സഹിച്ച് ഞങ്ങളോടൊത്ത് അദ്ദേഹം രണ്ട് മണി വരെ പ്രാർത്ഥിച്ചു. തീർത്തും അവശനായി കാണപ്പെട്ടു. ഫോട്ടോകൾക്ക് പോസ് ചെയ്യാൻ താല്പര്യമില്ലാത്ത വ്യക്തിയാണ് അദ്ദേഹമെന്ന് പെ. ബ. പ്രിയോരച്ചൻ ഞങ്ങളോട് പറഞ്ഞിരുന്നു. എങ്കിലും എന്തുകൊണ്ടോ എന്നോട് അദ്ദേഹം സഹകരിച്ചു. ആ ഫോട്ടോകളിൽ ചിലത് ഈ ഗ്രന്ഥത്തിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു.

ഈ ചെറിയ ഗ്രന്ഥം എഴുതാൻ എനിക്ക് പ്രചോദനം നൽകിയത് പല ഗ്രന്ഥങ്ങളുടെ കർത്താവും ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് മുൻ പ്രിൻസിപ്പലുമായ ബഹു. ജോസ് ചുങ്കനച്ചനാണ്. അദ്ദേഹം എഴുതിയ "ജീവിക്കുന്ന വിശുദ്ധൻ" എന്ന ഗ്രന്ഥം ഞാൻ വായിക്കാനിടയായി. ഈ പുസ്തകത്തെപ്പറ്റി ഞങ്ങൾ ചർച്ച ചെയ്യുന്ന വേളയിൽ കനീസിയൂസച്ചനെ നേരിട്ട് മനസ്സിലാക്കിയിട്ടുള്ള എനിക്ക് കുറെ അനുഭവങ്ങൾ പങ്കുവയ്ക്കാനുണ്ടായിരുന്നു. ഇവയെല്ലാം ഒരു പുസ്തക രൂപത്തിലാക്കണമെന്ന് ഒരുവിധത്തിൽ അദ്ദേഹം എന്നെ നിർബന്ധിച്ചു. ചെറിയ ഈ ഗ്രന്ഥം ഒരുക്കുന്നതിൽ തുടക്കം മുതൽ ഒടുക്കം വരെ എന്നെ സഹായിക്കുകയും ആശംസ നല്കി

അനുഗ്രഹിക്കുകയും ചെയ്ത എന്റെ സുഹൃത്ത് കൂടിയായ ബ. ചുങ്കനച്ചനോട് എനിക്ക് ഏറെ കടപ്പാടുണ്ട്.

"ആത്മീയ തേജസ്സിന്" ആധികാരികമായ അവതാരിക എഴുതി നല്കിയ തൃശൂർ അതിരൂപതയുടെ സഹായ മെത്രാൻ മാർ റാഫേൽ തട്ടിൽ പിതാവിനോട് എനിക്കുള്ള ആദരവും നന്ദിയും ഞാൻ പ്രകാശിപ്പിക്കട്ടെ. ഈ പുസ്തകമെഴുതി ആദ്യം ഞാൻ വായിക്കാൻ നല്കിയത് തൃശൂർ ദേവമാതാ പ്രൊവിഷ്യൽ പെ. ബ. പോൾ ആച്ചാണ്ടിയച്ചനാണ്. അദ്ദേഹം അത് വായിച്ച ശേഷം എന്നെ അനുമോദിച്ചു. മനോഹരമായ ആശംസ നല്കി എന്നെ അനുഗ്രഹിച്ചു. അദ്ദേഹത്തോടുള്ള കലവറയില്ലാത്ത കൃതജ്ഞത ഞാൻ അറിയിക്കുന്നു.

വിവിധകാലങ്ങളിൽ, വിവധ സ്ഥലങ്ങളിൽ ആത്മീയാചാര്യനായ കനീസിയൂസച്ചനുമായി അടുത്തിടപഴകാൻ ദൈവം എനിക്ക് അവസരങ്ങളൊരുക്കി. എന്റെ അനുഭവങ്ങൾ ഒട്ടും അതിശയോക്തി കൂടാതെയാണ് കുറിച്ചിട്ടുള്ളത്. ഈ ധന്യാത്മാവിന്റെ ചൈതന്യവും മാദ്ധ്യസ്ഥ്യവും വായനക്കാരായ നിങ്ങളോരോരുത്തർക്കും ലഭിക്കട്ടെയെന്ന് ഞാൻ ആശിക്കുന്നു, പ്രാർത്ഥിക്കുന്നു.



# 1

## ആത്മീയ ആചാര്യൻ

സി. എം. ഐ. (Carmelites of Mary Immaculate) സഭയിൽ ഒരു വൈദികന് ലഭിക്കാവുന്ന എല്ലാ ഉന്നതസ്ഥാനങ്ങളും നൽകി ദൈവം കനീസിയൂസച്ചനെ അനുഗ്രഹിച്ചു. പ്രിയോർ ജനറൽ (സഭയുടെ ഏറ്റം വലിയ അധികാരി) വികാരി ജനറൽ (പ്രിയോർ ജനറൽ കഴിഞ്ഞാൽ അടുത്ത അധികാരി) മുഴവൻ സഭയുടേയും വൈദിക വിദ്യാർത്ഥികളുടെ പരിശീലന കളരിയായ "ധർമ്മാരാം" സെമിനാരിയുടെ റെക്ടർ, തൃശൂർ കേന്ദ്രമായ ദേവമാതാ പ്രവിശ്യയുടെ അധിപൻ - പ്രൊവിൻഷ്യൽ, "ധർമ്മാരാം" കോളേജിലെ തിയോളജി വിഭാഗത്തിന്റെ സുപ്പീരിയർ, സെമിനാരി പ്രൊഫസർ എന്നീ വിവധസ്ഥാനങ്ങൾ അദ്ദേഹം അലങ്കരിച്ചു. കർമ്മനിരതമായ കനീസിയൂസച്ചന്റെ ജീവിതത്തിൽ ആത്മീയതയ്ക്ക് എന്നും ഒന്നാം സ്ഥാനം നല്കിയിരുന്നു. ഈ ആത്മീയ തേജസ്സിന്റെ പ്രഭാവലയത്തിൽ ആകൃഷ്ടരായി സഭയെ സ്നേഹിച്ചിരുന്ന വൈദികർ അദ്ദേഹത്തെ അവരുടെ നേതാവായി അംഗീകരിച്ചു. അതിന്റെ പ്രത്യക്ഷഫലങ്ങൾ സഭയെ ധന്യതയിലേക്ക് നയിച്ചുവെന്ന് ആ കാലഘട്ടത്തിലെ സഭയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും.

കനീസിയൂസച്ചന്റെ ആത്മീയതയുടെ ആഴവും പരപ്പും മനസ്സിലാക്കാൻ ഒരു എളിയ ശ്രമമാണ് ഈ അധ്യായം. സഭയുടെ പ്രിയോർ ജനറലായിരുന്ന ഫാ. തോമസ് ഐക്കര, കനീസിയൂസച്ചന്റെ കുമ്പസാരക്കാരനായിരുന്നു. മൃതസം

സ്കാര വേളയിൽ നടത്തിയ പ്രസംഗത്തിൽ കനീസിയൂസച്ചന്റെ ആദ്ധ്യാത്മികത മുഴുവൻ അദ്ദേഹം ഒരു വാചകത്തിൽ ഒതുക്കി. അഗാധമായ വിനയം, തിരുവചനോപാസന, ദൈവഹിതം മാത്രം നിറവേറ്റൽ, ദിവ്യകാരുണ്യ ഭക്തി, മാതൃഭക്തി, എന്നീ ഗുണങ്ങളാണ് കനീസിയൂസച്ചനിൽ പ്രകാശിച്ചിരുന്നത്.

## എ. അഗാധമായ വിനയം

ആനന്ദപുരം ഗ്രാമത്തിൽ കർഷകകുടുംബത്തിൽ ജനിച്ച് ജീവിച്ച് വളർന്ന കൊച്ചൗസേപ്പിന് മാതാപിതാക്കളിൽ നിന്ന് എളിമയുടേയും ലാളിത്യത്തിന്റേയും പാഠങ്ങൾ ഉൾക്കെ എളുപ്പമായിരുന്നു. ഒരിക്കൽ അച്ചൻ ഇപ്രകാരം "കർത്താവ് എനിക്ക് നൽകിയ ദാനങ്ങളിൽ പ്രധാനമായ എന്റെ അപ്പനും അമ്മയുമാണ്." വീട്ടിൽ പോകുന്ന ചുരുക്കം സന്ദർഭങ്ങളിൽ അക്ഷരലോകത്തിലേക്ക് ആദ്യമായി കൂട്ടികൊണ്ടുപോയ ഗുരുവിനെ - ഗോപാലൻ മാഷെ - ചെന്ന് കണ്ട് അനുഗ്രഹം വാങ്ങിക്കുക അദ്ദേഹത്തിന്റെ പതിവായിരുന്നു. കളികൂട്ടുകാരനായ ശങ്കുണ്ണി ...ച്ചനെ കുറിച്ച് ഇപ്രകാരം പറയുകയുണ്ടായി. "പഠനത്തിൽ കേമൻ, വിനയവും എളിമയും ഒത്തിണങ്ങിയ സ്വഭാവം, സ്നേഹവും ആദരവുമുള്ള പെരുമാറ്റം."

സി. എസ്. ആർ. ധ്യാനമന്ദിരത്തിൽ അച്ചനെ കാണാൻ പോയ ആദ്യ സംഭവം ഇവിടെ കുറിക്കട്ടെ. ഞാനും ഭാര്യ ആനിയും മക്കളായ ഗോഡ്വിനും ജീസനും. അച്ചൻ ഊട്ടുമുറിയിൽ അതിഥി സല്ക്കാരത്തിൽ ആയിരുന്നു. പാർലർ ബോയി ഞങ്ങളോട് പറഞ്ഞു "ഊട്ട് മുറിയിലേക്ക് ചെല്ലാൻ". അച്ചൻ ദമ്പതിമാരെ സല്ക്കരിക്കുന്നു. ആദ്യം അവരെ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തന്നു. "ഇത് ഞങ്ങളുടെ വേലായുധൻ, ഭാര്യ കമലാക്ഷി. ഈയിടെ വിവാഹിതരായി. എന്നെ കാണാൻ വന്നിരിക്കുന്നു." സി. എസ്. ആർ. ലെ തോട്ടക്കാരനായ വേലായുധന്റെ കഴിവുകളൊക്കെ ഞങ്ങളെ വിവരിച്ച് കേൾപ്പിച്ചു. ശുശ്രൂഷയുടെ മനോഭാവം പ്രവർത്തനത്തിലൂടെ അദ്ദേഹം ഞങ്ങൾക്ക് കാണിച്ചു തന്നു.





കനീസിയൂസച്ചന്റെ സെമിനാരി പഠനം മംഗലാപുരത്തായിരുന്നു. സമർത്ഥരായ വിദ്യാർത്ഥികളെ മംഗലാപുരം സെമിനാരിയിൽ അയച്ച് പരിശീലിപ്പിക്കുക സഭയുടെ നയമായിരുന്നു. തിരുപ്പട്ടത്തിനായി അദ്ദേഹം ധ്യാനിച്ച് ഒരുങ്ങി. തിരുപ്പട്ടത്തിന്റെ തലേദിവസം അദ്ദേഹം മംഗലാപുരം മെത്രാൻ വിക്ടർ ഫെർണാണ്ടസിനെ പോയി കണ്ടു. "താങ്കൾ എന്തിനാണ് വൈദികനാകുന്നത്?" പിതാവ് ചോദിച്ചു. കനീസിയൂസച്ചന്റെ മറുപടി ഇപ്രകാരമായിരുന്നു. "ക്രിസ്തുവിനുവേണ്ടി ഒരു കഴുതയാകുവാൻ". വിചിത്രമായ ഈ ഉത്തരത്തിന്റെ പൊരുൾ മനസ്സിലാക്കണമെങ്കിൽ മറ്റൊരു കാര്യം ...ക്കേണ്ടിയിരിക്കുന്നു. മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ...ം ദിവസം മുമ്പ് മംഗലാപുരത്തെ സി. എം. ഐ. ഭവനം സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ അദ്ദേഹം ആശ്രമവാസികൾക്ക് ഒരു ഉപദേശം നല്കി. അത് ഇപ്രകാരമായിരുന്നു. "ബെത്ലഹമിലെ കാലിത്തൊഴുത്തിൽ ഉണ്ണിയെ സന്ദർശിക്കാനെത്തിയ ആട്ടിടയന്മാരുടെ കൂടെ ഒരു കഴുത കുട്ടിയും ഉണ്ടായിരുന്നു. ദിവ്യശിശുവിനെ കാണാനും ആരാധിക്കാനും അതിന് ഭാഗ്യം ലഭിച്ചു. ഓശ...ഞായറാഴ്ച യേശുവിനെ വഹിച്ചുകൊണ്ട് ജെറുസലം നഗരത്തിലൂടെ സഞ്ചരിക്കുവാനുള്ള അപൂർവ ഭാഗ്യവും കഴുതയ്ക്ക് ലഭിച്ചു. കഴുതയുടെ വിനയവും ലാളിത്യവും അഭിഷിക്തർക്ക് അവശ്യം വേണ്ട ഗുണങ്ങളാണ്. ഈ ഉപദേശത്തിൽ നിന്ന് ലഭിച്ച ഉൾക്കാഴ്ചയാണ് അർത്ഥവത്തായ ഉത്തരം നൽകാൻ കനീസിയൂസച്ചനെ പ്രേരിപ്പിച്ചത്.

അദ്ദേഹത്തെ കാണാൻ വന്ന ഏതാനും കുട്ടികളോട് അദ്ദേഹം പറഞ്ഞ ഒരു ചെറിയ കാര്യം ഇതാണ്. അവരുടെ പേരുകൾ അദ്ദേഹം തിരക്കി. അപ്പോൾ അവരിൽ ഒരു മിടുക്കൻ ചോദിച്ചു. "അച്ചന്റെ പേര് എന്താണ്?" അച്ചൻ പറഞ്ഞു "കനീസിയൂസ്". ആ പേരിന്റെ അർത്ഥം "കുഞ്ഞിപ്പട്ടി" എന്നാണ്. ഈ അച്ചൻ ദൈവത്തിന്റെ കൂടെ ഒരു പട്ടികുഞ്ഞിനെ പോലെ നടക്കും." കുട്ടികൾ കുഞ്ഞിപ്പട്ടിയെ ഏറെ ഇഷ്ടപ്പെട്ടു. കാരണം അദ്ദേഹം അവർക്ക് പഴമാങ്ങയും ചാമ്പക്കയും നൽകി.

വിനയവും ലാളിത്യവും ചേർന്നുപോകുന്ന സുകൃതങ്ങളാണ്. പ്രിയോർ ജനറളായിരുന്ന കാലത്ത് വ്യക്തിപരമായ



കനീസിയം, കനീസിയൂസച്ചന്റെ ജന്മഗൃഹം, ആനന്ദപുരം

ആവശ്യങ്ങൾക്കായി അദ്ദേഹം കാർ ഉപയോഗിച്ചിരുന്നില്ല. ആ
കാലത്ത് കാർ ആഢംബരവസ്തുപായിരുന്നു. ആനന്ദപുര
ത്തേക്ക് യാത്ര ചെയ്തിരുന്ന സന്ദർഭങ്ങളിൽ നെല്ലായിൽ
ഇറങ്ങി ആനന്ദപുരത്തേക്ക് നടന്ന് പോകുമായിരുന്നു. ദേവമാതാ
പ്രൊവിൻഷ്യൽ ആയിരുന്ന കാലത്ത് തൃശൂർ റെയിൽവേ
സ്റ്റേഷനിൽ ഇറങ്ങി നടന്നാണ് പ്രോവിൻഷ്യൽ ഹൗസിൽ
എത്തിയിരുന്നത്. ഒരിക്കൽ ഇപ്രകാരം സ്റ്റേഷനിൽ ഇറങ്ങി
പാട്ടുരായ്ക്കലേക്ക് നടക്കവെ ഒരു റിക്ഷാ വണ്ടിക്കാരൻ പുറകിൽ
വന്ന് വണ്ടിയിൽ കയറുവാൻ ആവശ്യപ്പെട്ടു, അച്ചൻ പറഞ്ഞു
"എന്നെ വലിച്ചു കൊണ്ടുപോകാൻ ഞാൻ അത്ര
മഹാനൊന്നുമല്ല. ഞാൻ നടന്നോളാം."

റിക്ഷാക്കാരൻ വിടാൻ ഭാവമില്ല. അയാൾ പറഞ്ഞു. "ഈ
റിക്ഷ വലിച്ചാണ് ഞാൻ ജീവിക്കുന്നത്. അപ്പോൾ എന്നെ
ജീവിക്കാനും അനുവദിക്കില്ലേ? ഞാൻ ഇന്ന് പട്ടിണി
കിടന്നോളാം."

അച്ചൻ പറഞ്ഞു "ഞാൻ വണ്ടിയിൽ കയറുന്ന പ്രശ്നമില്ല. നീ പട്ടിണി കിടക്കേണ്ട കാര്യവുമില്ല. നീ ജോലി കഴിഞ്ഞ് പാട്ടുരായ്ക്കലിലുള്ള അച്ചന്മാരുടെ ആശ്രമത്തിൽ വരിക. നമുക്ക് പരിഹാരം ഉണ്ടാക്കാം. സമ്മതിച്ചോ?"





ആശ്രമത്തിൽ വന്ന പാവപ്പെട്ട ആ മനുഷ്യന് ചായയും പലഹാരവും കുറെ രൂപയും നല്കി സല്ക്കരിച്ച് പറഞ്ഞയച്ചു. മനുഷ്യഹൃദയങ്ങളെ കീഴടക്കാനുള്ള കനീസിയൂസച്ചന്റെ കഴിവ് ഇതിൽ നിന്നും വ്യക്തമാണ്.

സമൂഹത്തിൽ സേവനം ആവശ്യമുള്ളവർക്ക് കണ്ടറിഞ്ഞ് ചെയ്തുകൊടുക്കുവാൻ അദ്ദേഹം തല്പരനായിരുന്നു. മംഗലാപുരത്തെ ആശ്രമത്തിൽ വൈദിക വിദ്യാർത്ഥികളുടെ വസ്ത്രങ്ങൾ അലക്കുന്ന ഒരു തമിഴൻ ഉണ്ടായിരുന്നു. വസ്ത്രങ്ങൾ വീട്ടിൽ കൊണ്ടുപോയി അലക്കി ഇസ്തിരി ഇട്ട് കൊണ്ടുവരികയാണ് പതിവ്. കൃത്യമായി കാര്യങ്ങൾ ചെയ്തുതീർക്കാൻ കഴിവില്ലാത്ത അയാൾ പല ആശ്രമവാസി കൾക്കും അസൗകര്യങ്ങൾ ഉണ്ടാക്കാറുണ്ട്. ഈ കാര്യം മനസ്സിലാക്കിയ കനീസിയൂസ് ശെമ്മാച്ചൻ അലക്ക് ഡിപ്പാർട്ട്മെന്റ് സ്വയം ഏറ്റെടുത്തു. അയാൾ കൊണ്ടുപോകുന്ന വസ്ത്രങ്ങളുടെ എണ്ണം തരം തിരിച്ച് ഒരു നോട്ട് ബുക്കിൽ കുറിച്ചു വെച്ചു. ഓരോ വസ്ത്രത്തിലും ഓരോ അടയാളമിട്ടു. അലക്കി വരുന്ന വസ്ത്രങ്ങൾ ഓരോ സഹോദരനും കൃത്യമായി എത്തിച്ചു കൊടുത്തു. ഇസ്തിരി ഇടുന്നതിൽ വീഴ്ച വരുത്തിയാൽ സ്വയം ചെയ്തിരുന്നു. അലക്ക് ഡിപ്പാർട്ട്മെന്റിന്റെ നടത്തിപ്പ് സെമിനാരി വിടുന്നത് വരെ കനീസിയൂസ് ശെമ്മാച്ചന്റെ നിയന്ത്രണത്തിൽ തന്നെ ആയിരുന്നു.

കാനായിലെ കല്ല്യാണ വിരുന്നായിരുന്നു ക്രിസ്തുദേവന്റെ ആദ്യത്തെ അത്ഭുതം. ആ സംഭവം ധ്യാനിച്ചപ്പോൾ അദ്ദേഹത്തിന് ലഭിച്ച ഉൾക്കാഴ്ച ഇതായിരുന്നു. "ഞാൻ കല്ല്യാണ വിരുന്നിൽ വീഞ്ഞ് പകർത്തിയ കൽഭരണിയാണ്. കർത്താവ് ഈ ഭരണിയിൽ മേത്തരം വീഞ്ഞ് നിറച്ചു. അത് പകർന്ന് നൽകുക എന്റെ കടമയായിരുന്നു. പക്ഷെ ഞാനതിൽ പരാജയപ്പെട്ടു. അധികാരം സേവനത്തിനുള്ള ആഹ്വാനമാണ്. അത് ആത്മനാ സ്വീകരിച്ചാൽ മാത്രമെ, ദൈവസന്നിധിയിൽ നീതീകരിയ്ക്കപ്പെടു."

## ബി. തിരുവചനോപാസന

ഈശോസഭാ വൈദികർ നടത്തുന്ന ലോകത്തിലെ ഏറ്റവും വലിയ ബൈബിൾ പഠനകേന്ദ്രമാണ് പൊന്തിഫിക്കൽ ബിബ്ലിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്. 1909-ൽ വിശുദ്ധനായ പത്താം പിയൂസ് സ്ഥാപിച്ചതാണ് ഇത്. മാർപ്പാപ്പയെ ഇതിന് പ്രേരിപ്പിച്ചത് യൂറോപ്പിലെ അന്നത്തെ സഭാചരിത്രമാണ്. 16-ാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് വിപ്ലവം തിരുസ്സഭയുടെ മർമ്മപ്രധാനമായ പല തത്വങ്ങളും തെറ്റാണെന്ന് വ്യാഖ്യാനിക്കാൻ തുടങ്ങി. കത്തോലിക്കാ സഭയുടെ പാരമ്പര്യ വിശ്വാസത്തിനും ധാർമ്മികതയ്ക്കും എതിരായി അവരുടേതായ വാദമുഖങ്ങൾ നിരത്തി ജനങ്ങളെ തെറ്റിധരിപ്പിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ പെന്തകുസ്താ പ്രസ്ഥാനം അമേരിക്കയിൽ ആരംഭിച്ചു. അതിന്റെ വളർച്ച പെട്ടെന്നായിരുന്നു. ബൈബിൾ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാമെന്ന് അവർ പഠിപ്പിച്ചു. ഈ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ ബൈബിൾ പഠനം ആവശ്യമായിരുന്നു.

സാമ്പത്തിക ശാസ്ത്രം പഠിച്ച് തേവര കോളേജിൽ അധ്യാപകനാക്കാനാണ് സി. എം. ഐ. സഭാധികാരികൾ കനീസിയൂസച്ചനെ കരുതി വെച്ചത്. പക്ഷെ ദൈവനിശ്ചയം മറ്റൊന്നായിരുന്നു. റോമിൽ ബൈബിൾ വിജ്ഞാനീയത്തിൽ ഡോക്ടറേറ്റ് സമ്പാദിക്കാൻ അദ്ദേഹം നിയുക്തനായി. 1952-ൽ ബൈബിൾ വിജ്ഞാനീയത്തിൽ ആദ്യമായി ഡോക്ടറേറ്റ് നേടിയ ഭാരതീയൻ എന്ന അപൂർവ ബഹുമതി കനീസിയൂസച്ചന് സ്വന്തമായി. കേരള സഭയ്ക്ക് എന്നും അഭിമാനിക്കാവുന്ന ഈ വൈദികന്റെ വിപുലമായ പ്രവർത്തന മേഖലകളുടെ ആദ്യത്തെ മഹനീയമായ കാൽവെപ്പായിരുന്നു ഈ ബൈബിൾ പഠനം.

"ജീവിക്കുന്ന ധന്യാത്മാവാണ്" കനീസിയൂസച്ചൻ. "ക്രിസ്തുനാഥ, അങ്ങയുടെ രാജ്യം വരണം, അവിടത്തെ ഇഷ്ടം ഭൂമിയിൽ നിറവേറണം." അവസാനത്തെ ശ്വാസം വിടുന്നത് വരെ ഈ ധന്യാത്മാവ് ഇതിന് വേണ്ടിയാണ് യത്നിച്ചത്. അദ്ദേഹം പല അവസരങ്ങളിലും ഉരുവിട്ട ഒരു വേദസൂക്തമുണ്ട്. "കർത്താവെ അങ്ങയുടെ ഇഷ്ടം, അത് മാത്രം, അതു മുഴുവൻ".





വി. ഗ്രന്ഥകേന്ദ്രീകൃതമായിരുന്നു അദ്ദേഹത്തിന്റെ ഏതൊരു ഉപദേശവും. മറ്റ് ചിന്താധാരകളൊന്നും അദ്ദേഹം കടമെടുത്തില്ല.

മൈക്കിൾ ആഞ്ചലോയുടെ പ്രസിദ്ധ മാർബിൾ പ്രതിമ "പിയേത്ത" കനീസിയൂസച്ചനെ ഏറെ ആകർഷിച്ചു. ഈശോയുടെ ശരീരം കുരിശിൽ നിന്ന് ഇറക്കി മാതാവിന്റെ മടിയിൽ കിടത്തിയിരിക്കുന്നു. കരഞ്ഞു കലങ്ങിയ കണ്ണുകളോടെ പുത്രന്റെ ചേതനയറ്റ ശരീരത്തെ നോക്കിയിരിക്കുന്ന വ്യാകുലമാതാവ്. ഈ കലാരൂപം ദിവ്യമായ ഒട്ടേറെ ചിന്തകൾ അദ്ദേഹത്തിൽ ഉണർത്തി. കുത്തി മുറിവേല്പിച്ച തിരുവിലാവിനെ നോക്കിയിരിക്കുന്ന മാതാവിനെ അദ്ദേഹം ധ്യാനിച്ചു. മനുഷ്യന്റെ മുറിവിനെ ഉണക്കുന്ന ലേപനമില്ല. അത് ദൈവത്തിനു മാത്രമേ കഴിയൂ. ഈ ശില്പത്തിൽ നിന്ന് മറ്റൊരു ചിന്തയും ഉരുത്തിരിഞ്ഞു വന്നു. യേശുവിനെ മാതാവ് ജീവിതകാലം മുഴുവൻ പരിചരിച്ചു. പീഡാസഹനങ്ങളിലും ആ അമ്മ കൂട്ടായിരുന്നു. ചെറുതും വലുതുമായ മുറിവുകളാൽ വേദനിക്കുന്നവർക്ക് ആ അമ്മ എന്നും സാന്ത്വനമാണ്.

വചനത്തിൽ വേരുന്നിയുള്ള കനീസിയൂസച്ചന്റെ ജീവിതശൈലി അദ്ദേഹവുമായി ബന്ധപ്പെട്ട ഏവർക്കും ആശ്വാസം പകർന്നു. നിത്യജീവൻ ക്രിസ്തുവിന്റെ വചനങ്ങളിലുണ്ടെന്ന് ജീവിതം വഴിയായി അദ്ദേഹം കാണിച്ചു കൊടുത്തു. "എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവന് നിത്യജീവനുണ്ട്. അവൻ ശിക്ഷാവിധിയിൽ പ്രവേശിക്കുകയില്ല. പ്രത്യുത മരണത്തിൽനിന്ന് ജീവനിലേക്ക് പ്രവേശിച്ചിരിക്കുന്നു".

## സി. ദൈവഹിതം മാത്രം നിറവേററൽ

"ഈശോയെ ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ല. കഷ്ടപ്പെടുത്തിയിട്ടുമില്ല" - ഒരിക്കൽ അച്ചൻ ഇങ്ങനെ പറഞ്ഞു. "മാമ്മോദീസായിൽ എനിക്ക് കിട്ടിയ ഇഷ്ടപ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്ന് പറയുന്നതിന് ദൈവാനുഗ്രഹത്താൽ എനിക്ക് ധൈര്യമുണ്ട്" 1871 ജനുവരി 3-ാം തിയ്യതി മരണശയ്യയിൽ കിടന്ന് ചാവറ കുര്യാക്കോസ്



കനീസിയൂസച്ചൻ

ഏലിയാസച്ചൻ മന്ത്രി...
വാക്കുകൾ...

സന്യാസ ജീവിതത്തെപ്പ...
എന്തൊക്കെയെന്ന് ആരായാം.
ശത്രുക്കളിൽ...
പ്രസക്തി...
ഏറെ പ്രവർത്തന...
കൈക്കാര്യ...
എന്നതല്ല, അവ ഉപയോഗിക്കു...
സന്ന്യാസിയെ നയിക്കേണ്ട പ്രമാണം ഇതാം... "... ദൈവരാജ്യം അന്വേഷിക്കുക. മറ്റുള്ളതെല്ലാം നിങ്ങൾക്ക് നല്കപ്പെടും."

സന്യാസ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം ദൈവചിത്തം അറിയാനുള്ള സൗകര്യമാണ്. മേലധികാരികളിലൂടെ ദൈവചിത്തം വ്യക്തമായി ഒരു സന്ന്യാസി മനസ്സിലാക്കുന്നു. തീരുമാനങ്ങൾക്കായി. കാതോർത്തിരിക്കുന്നു. കർത്താവിന്റേതാണ് തീരുമാനങ്ങൾ. സമ്മതം നമ്മുടേതും.

... ദൈവം തരുന്നത് ...ട്ടി സ്വീകരിക്കുക. ഉയർന്ന ...ക്കാൻ കനീസിയൂസച്ചനെ പ്രേരിപ്പിച്ചത് ...ഗതിയാണ്. ദൈവ തിരുമനസ്സ് അറിയാൻ ... ഉപവാസവും ആവശ്യമാണ്.

...മായ കാഴ്ചപ്പാട് കനീസിയൂസച്ചന് ...രു പ്രസ്ഥാനത്തിന്റെ നിലനില്പിനും ...മാണ്. സഭയിലെ ...ത്തിക്കുവാൻ വിവിധ ...നയർ അവരെ ... മൂന്ന് ...ണം. അധികാരം ...ർച്ചയ്ക്ക് കാരണമാകും. ...സന്യാസി ...

... എന്ന തർക്കം അപ്പസ്തോല ...രുൾ ചെയ്തു. ... ...ങ്ങളുടെ ...പ്രധാനിയാകാൻ ...ക്കും. കാരണം, ...ക്കുന്നത് സേവിക്കപ്പെടാനല്ല, ... (മാർക്കോസ് 10:42-45) ലളിതമായ ഈ ഉപദേശം സ്വീകരിക്കാത്ത സന്യാസ ശ്രേഷ്ഠന്മാർ സഭയുടെ ശാപമാണ്. ഒരു സഭയുടെ ആത്മീയ വളർച്ച സഭയിലെ ഉത്തമരായ ശ്രേഷ്ഠന്മാരെ ആശ്രയിച്ചിരിക്കുന്നു.

"അധികാരം ദൈവത്തിൽ നിന്ന് വരുന്ന കുരിശാണ് ചിലപ്പോൾ." ഒരിക്കൽ കനീസിയൂസച്ചൻ പറയുകയുണ്ടായി. വൈദികനായ ശേഷം ഏകദേശം പതിനെട്ട് വർഷം വൈദിക വിദ്യാർത്ഥികളുടെ പരിശീലകനായി വർത്തിച്ചു. മനസ്സിനി

ണങ്ങിയ ജോലി ചെയ്തുവെന്ന സംതൃപ്തി അന്നുണ്ടായിരുന്നു. സഭയിലെ ഉന്നത അധികാരങ്ങൾ ദൈവത്തിൽനിന്ന് വരുന്ന കുരിശുകളാണ്. സന്തോഷത്തോടെ വഹിക്കുക. മുന്നോട്ടു പോകാൻ ദൈവം കൃപതരും.

ലൗകിക മാർഗ്ഗങ്ങളിലൂടെ അധികാരസ്ഥാനത്തെത്താൻ ശ്രമിക്കുന്ന സന്ന്യാസിമാരുണ്ട്. അധികാരികളോട് ചേർന്നു നിന്ന് ആനുകൂല്യങ്ങൾ തരപ്പെടുത്തുന്നവരുണ്ട്.കനീസിയുസച്ചൻ പ്രിയോർ ജനറൽ ആയിരുന്ന കാലത്ത് ഉപരിപഠനത്തിനായി വിദേശരാജ്യങ്ങളിലേക്ക് പറഞ്ഞയ്ക്കുന്ന രീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇന്ത്യയിൽ പരിശീലനം ലഭിക്കാവുന്ന കേന്ദ്രങ്ങൾ കണ്ടെത്തി കുറെപേരെ അവിടെ പരിശീലിപ്പിച്ചു. ലൗകികപഠനങ്ങളിൽ ഏർപ്പെടുന്ന വൈദിക വിദ്യാർത്ഥികൾ കത്തോലിക്ക അന്തരീക്ഷമുള്ള കലാശാലകളിൽ പഠിച്ചാൽ മതിയെന്ന് നിഷ്കർഷിച്ചു. ഈ നിയന്ത്രണങ്ങൾ ചിലർക്ക് പ്രയാസം ഉണ്ടാക്കി. പല രീതിയിലും അത് പ്രകടമാക്കുകയും ചെയ്തു.

## ഡി. ദിവ്യകാരുണ്യ ഭക്തി

മറ്റുള്ളവരിൽ നിന്ന് പ്രചോദനം ഉൾക്കൊള്ളുവാൻ ഒരു പ്രത്യേക കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. "സാക്ഷാത്ക്കാര"യിൽ അച്ചനെ സന്ദർശിക്കാൻ വന്ന ഒരു കുടുംബം അച്ചനുമായി പൂമുഖത്ത് സംസാരിച്ചുകൊണ്ടിരിക്കെ ഒരു കൊച്ചുകുട്ടി അച്ചനോട് ചോദിച്ചു "അച്ചനങ്കിൾ ഒരു പൂ പറിക്കട്ടെ." അവൻ പൂ പറിച്ചു. അതുമായി പള്ളയിലേക്ക് പോയി. അവിടെ വെച്ചു. തിരിച്ച് ഒരു ഓട്ടം. അച്ചൻ കൂടെ നിന്നവരോട് പറഞ്ഞു, "കുഞ്ഞുങ്ങളിൽ നിന്ന് നമുക്ക് പഠിക്കാൻ ഏറെയുണ്ട്. അവന്റെ ലാളിത്യം കണ്ടോ?"

ബാലനായിരുന്ന കാലത്ത് കനീസിയുസച്ചൻ അപ്പനോടൊപ്പം പള്ളിയിൽ പോകുമായിരുന്നു. പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു അപ്പൻ. ദേവമാതാ പ്രവിശ്യയുടെ ന്യൂസ്





ബുള്ളറ്റിനിൽ അദ്ദേഹം ഇപ്രകാരം എഴുതി "ദിവ്യകാരുണ്യ സന്നിധിയിൽ നിർന്നിമേഷനായി മുട്ടുകുത്തി നില്ക്കുന്ന അപ്പനിൽ നിന്ന് പ്രാർത്ഥനയിൽ ലയിക്കാൻ ഞാൻ പഠിച്ചു."

തിരുസന്നിധിയിൽ ദീർഘനേരം ചിലവഴിച്ചിരുന്ന വയോവൃദ്ധനായ മിഖായേൽ അച്ചനെ അദ്ദേഹം സ്മരിക്കുന്നു. സി. എം. ഐ. സഭയിലെ നിർണ്ണായകമായ ഒരു ഘട്ടത്തിൽ സഭയെ നയിച്ച പുണ്യാശ്ലോകനായ വിൻസന്റ് ആലപ്പാട്ടച്ചന്റെ ദിവ്യകാരുണ്യ ഭക്തിയെക്കുറിച്ച് അദ്ദേഹത്തിന്റെ കുറിപ്പിലുണ്ട്. എൽത്തുരുത്ത് ആശ്രമത്തിൽ വിൻസന്റച്ചൻ താമസിക്കുമ്പോൾ കേരളത്തിലെ ഏറ്റവും പ്രഗത്ഭനായ വിദ്യാഭ്യാസ മന്ത്രിയായിരുന്ന മുണ്ടശ്ശേരി മാസ്റ്റർ കാറപകടത്തിൽപ്പെട്ടു എന്ന വാർത്ത വിൻസന്റച്ചന്റെ ചെവിയിൽ എത്തി. അച്ചൻ ദിവ്യകാരുണ്യനാഥന്റെ പക്കലേക്ക്ഓടി. അവിടെ ദീർഘനേരം പ്രാർത്ഥിച്ചു. മുണ്ടശ്ശേരി മാസ്റ്ററുടെ മാനസാന്തരത്തിനായി ദിവ്യകാരുണ്യ സന്നിധിയിൽ ജപമാല ചൊല്ലുക വർഷങ്ങളോളം അദ്ദേഹം അനുവർത്തിച്ചു വന്ന ദിനചര്യയായിരുന്നു. പള്ളിയിൽ നിന്ന് തിരിച്ചു വന്നപ്പോൾ അദ്ദേഹം മനസ്സിലാക്കി മാസ്റ്റർക്ക് യാതൊരു അപകടവും സംഭവിച്ചിട്ടില്ല എന്ന്. അദ്ദേഹത്തിന്റെ പ്രാർത്ഥനക്ക് പ്രതിഫലം കിട്ടി. വർഷങ്ങൾക്ക് ശേഷം നിരീശ്വരനായ മാസ്റ്റർ ഈശ്വരനിലേക്ക് തിരിഞ്ഞു.

തിരുപ്പട്ടം സ്വീകരിച്ച് അർപ്പിക്കുന്ന ഒരു നവവൈദികന്റെ ആദ്യത്തെ ദിവ്യബലിയിൽ നാം ഭാഗഭാക്കായിട്ടുണ്ട്. അതീവ ശ്രദ്ധയോടെ, ആദരവോടെ, ദൈവസ്നേഹത്തിൽ ലയിച്ച് അർപ്പിക്കുന്ന ആ ബലിയുടെ അനുഭവം ദിവസങ്ങളോളം നമ്മിൽ നിറഞ്ഞുനില്ക്കാറുണ്ട്. കനീസിയൂസച്ചന്റെ ഓരോ ബലിയും ഇത്തരത്തിലുള്ളതായിരുന്നു. തിടുക്കത്തിൽ ചൊല്ലി തീർക്കേണ്ട ഒന്നല്ല അത്. കാഴ്ചസമർപ്പണ വേളയിൽ കണ്ണുകൾ പിതാവിലേക്ക് ഉയർത്തി ദൈവം നീട്ടി തന്ന ക്ലേശകരമായ ദൗത്യങ്ങളെ പീലാസയിൽ സമർപ്പിക്കുന്ന ആ നിമിഷം മനസ്സിൽ തങ്ങി നില്ക്കുന്നു. അവസാന പ്രാർത്ഥനകൾ ചൊല്ലി ബലിപീഠത്തോട് യാത്ര പറഞ്ഞ് പിരിയുമ്പോൾ നാം അറിഞ്ഞോ അറിയാതേയോ നമ്മുടെ മരണത്തെ കുറിച്ച് ചിന്തിച്ചുപോകുന്നു.

അദ്ദേഹത്തിന് ഓരോ ബലിയും അനുഭവമായിരുന്നു. നിയോഗങ്ങൾ കടലാസിൽ കുറിച്ച് മേശപ്പുറത്ത് വയ്ക്കുന്ന രീതിയും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

1981 മുതൽ 1996 വരെ "സാക്ഷാത്ക്കാര"യിൽ താപസനായി അദ്ദേഹം ചിലവഴിച്ചു. ഈ ആശ്രമം സി.എം.ഐ. സഭയുടെ ഒരു ധ്യാനകേന്ദ്രമാണ്. 1977-ൽ നെടുമ്പാശ്ശേരിക്കടുത്ത് കോട്ടായി എന്ന സ്ഥലത്ത് ഒരു കെട്ടിടം വാങ്ങി താപസജീവിതം നയിച്ചിരുന്നു. പ്രിയോർ ജനറലായിരുന്ന തോമസ് ഐക്കര അച്ചനാണ് ഒരു "നവീകരണകേന്ദ്രം" പണിയാൻ മുൻകൈ എടുത്തത്. ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിക്കാൻ അദ്ദേഹത്തിന് ധാരാളം സമയം കിട്ടി. ദിവസം 5 മണിക്കൂർ സമയം ദിവ്യകാരുണ്യനാഥനോട് അദ്ദേഹം പ്രാർത്ഥിച്ചു.

"സാക്ഷാത്ക്കാര"യിലെ ജീവിതത്തെപ്പറ്റി അദ്ദേഹം എഴുതുന്നു: "സദാ ദൈവസന്നിധിയിൽ ആയിരിക്കുന്നതിലുള്ള ആനന്ദം എപ്പോഴും എന്നിൽ നിറഞ്ഞിരുന്നു. പ്രാർത്ഥിക്കുകയും പ്രാർത്ഥിക്കാൻ വരുന്നവരെ സഹായിക്കു കയും ചെയ്യുന്നതാണ് എന്റെ ദൗത്യം." പ്രാർത്ഥനയുടെ സുഖപ്രദമായ അന്തരീക്ഷമാണ് ഈ പർണ്ണശാലയിൽ ഉള്ളത്. ദൈവിക ചിന്തകളാൽ നിറഞ്ഞ ഏറെ പേർ അവിടെയെത്തുന്നു; ദൈവിക കാര്യങ്ങൾ സംസാരിക്കുന്നു; പ്രശ്നപരിഹാരത്തിനായി ദൈവത്തിലേക്ക് തിരിയുന്നു; ഉൾക്കാഴ്ചയോടെ മടങ്ങുന്നു. ശാരീരികമായി ശക്തി ക്ഷയിച്ചുകൊണ്ടിരുന്നപ്പോഴും ദിവ്യകാരുണ്യ സന്ദർശനം അദ്ദേഹം മുടക്കിയില്ല. ജീവന്റെ സ്രോതസ്സിൽ നിന്ന് അദ്ദേഹം ആവോളം പാനം ചെയ്തു.

## ഇ. മാതൃഭക്തി

വലിയ മരിയ ഭക്തനായിരുന്നു കനീസിയൂസച്ചൻ. എൽത്തുരുത്ത് സ്കൂളിനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന ബോർഡിംഗ് ഹൗസിൽ താമസിച്ചായിരുന്നു, 7-ാം സ്റ്റാൻഡേർഡ് വരെയുള്ള പഠനം. ഒരു വൈദികനാകാൻ കൊച്ചൗസേപ്പ് ആഗ്രഹം പ്രകടിപ്പിച്ചു. ഈ കാര്യം അപ്പൻ ലോനപ്പൻ പറപ്പൂക്കര







*പ്രൊഫ. റാഫേൽ തട്ടിൽ ബ. കനീസിയൂസച്ചന്റെ വലതുകരം ചുംബിക്കുന്നു.*

പള്ളി വികാരിയായ യോഹന്നാൻ അമ്പൂക്കനച്ചനെ ധരിപ്പിച്ചു. സെമിനാരിയിലേക്ക് അയയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാമെന്ന് വികാരിയച്ചൻ അറിയിച്ചു. ആനന്ദപുരം സ്വദേശിയായ ജെയിംസ് ഇളംകുന്നപ്പുഴ വലിയച്ചൻ ഒരിക്കൽ തെക്കേക്കര തറവാട്ടിൽ വന്നു. കൊച്ചൗസേപ്പിനെ കണ്ട് ദൈവവിളിയെ പറ്റി സംസാരിച്ചു. ഇടവക വൈദികനായി സമൂഹത്തെ സേവിക്കാൻ ബാലനെ അദ്ദേഹം പ്രേരിപ്പിച്ചു. അവന്റെ തീരുമാനം ഇതായിരുന്നു."എനിക്ക് വൈദികനാകണം. മാതാവിന്റെ സഭയിൽ ചേരണം. പട്ടക്കാരനായി തീർന്നില്ലെങ്കിലും കൊവേന്തയിൽ കഴിയാനാണ് എന്റെ മോഹം". ദൈവമാതാവ് പ്രത്യക്ഷപ്പെട്ട് അരുളി ച്ചെയ്തതിനാലാണ് അങ്ങനെ നിർബ്ബന്ധം പറഞ്ഞതെന്ന് സ്വന്തം സഹോദരിയായ സിസ്റ്റർ സർസീല ഒരിക്കൽ പറയുകയുണ്ടായി.

കനീസിയൂസച്ചന്റെ അമ്മയുടെ പേര് മറിയം എന്നാ

യിരുന്നു. കുഞ്ഞ് ജനിച്ച് വീണപ്പോൾ തന്നെ മറിയം കുഞ്ഞിനെ പരിശുദ്ധമാതാവിനെ ഏല്പിച്ചു. ഒട്ടും ആരോഗ്യമില്ലാത്ത ശിശു സദാ കരഞ്ഞുകൊണ്ടിരുന്നു. മാമ്മോദീസ നൽകിയാൽ കുഞ്ഞിന്റെ അസുഖം മാറുമെന്ന് ഭർത്താവിനോട് മറിയം പറഞ്ഞു. ആറു കിലോമീറ്റർ അകലെയുള്ള പറപ്പൂക്കര പള്ളിയിൽ വച്ച് മാമ്മോദീസ നടന്നു. "പേരിടൽ" സന്ദർഭത്തിലും തർക്കമുണ്ടായി. ഔസേപ്പ് എന്ന പേർ നൽകണമെന്ന് മറിയം ശഠിച്ചു. ലോനപ്പനും കാരണവന്മാരും അത് ആദ്യം അംഗീകരിച്ചില്ല. വിചിത്രമായിരുന്നു അവരുടെ ന്യായം. പുതുതായി സഭയിൽ ചേരുന്നവർക്കാണ് ഔസേപ്പ് എന്ന പേര് നൽകിയിരുന്നതെന്ന് അവർ വാദിച്ചു. മറിയം കാര്യം വ്യക്തമാക്കി. കുഞ്ഞ് ജനിക്കുന്നതിന് ഏതാനും ദിവസം മുമ്പ് താൻ ഔസേപ്പിതാ വിനെ സ്വപ്നം കണ്ടു. ജനിക്കുന്നത് ആൺകുഞ്ഞായാൽ യൗസേപ്പ് എന്ന് പേരിടാമെന്ന് അവൾ മനസ്സിൽ നിശ്ചയിച്ചു. തിരുക്കുടുംബത്തിന്റെ സാന്നിദ്ധ്യം തെക്കേക്കര കുടുംബത്തിൽ ഉണ്ടായിരുന്നു.

സാധാരണക്കാരന്റെ ദിവ്യബലിയാണ് ജപമാല. വി. ഗ്രന്ഥത്തിലെ പ്രധാന സംഭവങ്ങൾ കോർത്തിണക്കി ചിട്ടപ്പെടുത്തിയ ഈ ഭക്താഭ്യാസം തീർത്തും ജനകീയമാണ്. ക്രൈസ്തവ കുടുംബങ്ങളിൽ രാത്രി സമയങ്ങളിൽ നടത്തുന്ന ഈ പ്രാർത്ഥന കുടുംബങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും കുടുംബകൂട്ടായ്മക്കും ഏറെ സഹായകമാണ്. കാൻഡി പേപ്പൽ സെമിനാരിയിൽ കനീസിയൂസച്ചനുണ്ടായ ഒരു അനുഭവം കുറിക്കട്ടെ. ദൈവശാസ്ത്രത്തിൽ ഉപരിപഠനത്തിനാണ് ശ്രീലങ്കയിലെ കാൻഡി പേപ്പൽ സെമിനാരിയിൽ അച്ചൻ പോയത്. രണ്ടാം ലോകമഹായുദ്ധം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലം. ശ്രീലങ്കയ്ക്ക് ബോംബ് ഭീഷണി ഉണ്ടായിരുന്നു. ബോംബ് വർഷിക്കപ്പെട്ടാൽ എടുക്കേണ്ട പ്രതിരോധ നടപടികൾ എന്താണെന്ന് സെമിനാരിയിലെ അന്തേവാസികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നല്കപ്പെട്ടു. ഈ അടിയന്തര ഘട്ടത്തിൽ ചെയ്യേണ്ടുന്ന കാര്യങ്ങളെപ്പറ്റി അധികാരികൾ ചർച്ച ചെയ്തു. പ്രസ്തുത മീറ്റിങ്ങിൽ കനീസിയൂസച്ചനും ഉണ്ടായിരുന്നു. റെക്ടറച്ചൻ കനീസിയൂസച്ചന്റെ അഭിപ്രായം ആരാഞ്ഞു. ലളിതമായ ഒരു നിർദ്ദേശമാണ് അദ്ദേഹം നല്കിയത്. "പതിവ് ജപമാലയ്ക്ക് പുറമെ മറ്റൊരു ജപമാലയും കൂട്ടമായി





ചൊല്ലുക." നിർദ്ദേശം സ്വീകരിക്കപ്പെട്ടു. യുദ്ധഭീഷണിയിൽ നിന്ന് ശ്രീലങ്ക പൂർണ്ണമായി രക്ഷപ്പെട്ടു.

ജപമാലയിൽ ഒരേ നമസ്കാരം പല പ്രാവശ്യം ആവർത്തിക്കപ്പെടുന്നു. ഈ ആവർത്തന വിരസത ജപമാല ചൊല്ലുന്നവരിൽ മടുപ്പ് ഉളവാക്കുന്നു. ഇങ്ങനെ ചിന്തിക്കുന്നവരുണ്ട്. അവർക്ക് കനീസിയൂസച്ചൻ നൽകുന്ന ഉത്തരമിതാണ്. ഭാരതീയ ചിന്താധാരയിൽ ഏറ്റവും ഫലപ്രദമായ പ്രാർത്ഥന "ഭജനയാണ്". ഒരു സൂത്രവാക്യമോ വാക്കോ ആവർത്തിച്ച് ചൊല്ലുന്ന രീതി. ആവർത്തിക്കുന്തോറും ആത്മീയ ഉണർവ് ഉണ്ടാകുന്നു. ഈശോയുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെ ധ്യാനിച്ചുവേണം ജപമാല ജപിക്കാൻ. അമേരിക്കയിലെ പ്രസിദ്ധ വാഗ്മിയായ ഫുർട്ടൻ ജെ. ഷീൻ എന്ന കർദ്ദിനാളിനോട് ഒരു യുവതി ഇപ്രകാരം ചോദിച്ചു. ജപമാല മടുപ്പുണ്ടാക്കുന്ന പ്രാർത്ഥനയാണ്. ഒരേ പ്രാർത്ഥന ആവർത്തിച്ചാവർത്തിച്ച് ചൊല്ലുന്നു. അതിന് കർദ്ദിനാളിന്റെ മറുപടി രസാവഹമായിരുന്നു. "ഭവതി വിവാഹിതയാണോ? എങ്കിൽ ഭർത്താവിനോട് എത്രയോ പ്രാവിശ്യം "ഞാൻ നിന്നെ സ്നേഹിക്കുന്നു"എന്ന് പറഞ്ഞിട്ടുണ്ട്. അവർക്ക് ഉത്തരമില്ലായിരുന്നു.

റോമിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അച്ചന് വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കാൻ അവസരങ്ങൾ ലഭിച്ചു. വി. കൊച്ചുത്രേസ്യ താമസിച്ച ലിസ്യുവിലെ കർമ്മലമഠം സന്ദർശിച്ചു. കൊച്ചുത്രേസ്യയെ മാരകമായ രോഗത്തിൽ നിന്ന് രക്ഷപ്പെടുത്തിയ വിജയമാതാവിന്റെ പ്രതിമ അദ്ദേഹം കണ്ടു. കൊച്ചുത്രേസ്യയുടെ സഹോദരി സി. ജെനവീവ് അന്ന് ആ മഠത്തിൽ ഉണ്ടായിരുന്നു. കേരളത്തിലെ കർമ്മലീത്താ വൈദികരെക്കുറിച്ച് ഫ്രഞ്ചു ഭാഷയിൽ കനീസിയൂസച്ചൻ അവരോട് സംസാരിച്ചു. സഭയ്ക്കുവേണ്ടി ഒരു സന്ദേശം അവരിൽനിന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അവർ നൽകിയ സന്ദേശം ഇതായിരുന്നു: "കർമ്മല അമ്മയുടെ കാപ്പയിൻ കീഴിൽ എപ്പോഴും ആയിരിക്കുക."

പരിശുദ്ധ അമ്മയിൽനിന്ന് അദ്ദേഹം സ്വന്തമാക്കിയ ഏറ്റവും വലിയ സുകൃതം മിതത്വമായിരുന്നു. പരിമിതമായ ജീവിത സൗകര്യങ്ങൾകൊണ്ട് സന്ന്യാസി തൃപ്തനാകണം. മാതാവിനെപ്പോലെ ഹൃദയത്തിൽ സംഗ്രഹിക്കാൻ ശീലിക്കണം. മിതത്വത്തിന്റെ അടിത്തറ മാതാവിന്റെ ഈ മനോഭാവമാണ്. അങ്ങനെയുള്ളവർക്ക് അരൂപിയിൽ നിറയാനും ഈശോയെ മറ്റുള്ളവർക്ക് പകർന്നു നൽകാനും കഴിയും.

ഒരു സന്ന്യാസി ദിവസത്തിൽ മൂന്ന് ജപമാലകൾ ചൊല്ലണം. 15 രഹസ്യങ്ങളും ധ്യാനവിഷയമാക്കണം. ജീവിതത്തിൽ ഉണ്ടാകുന്ന പ്രലോഭനങ്ങളെ ചെറുത്തു തോല്പിക്കാൻ ഈ ശീലം ഏറെ ഉപകരിക്കും. ഏലിയ പ്രവാചകൻ കർമ്മല മലയിൽ കണ്ട മാതാവിന്റെ രൂപം അദ്ദേഹം ധ്യാനവിഷയമാക്കാറുണ്ട്. ഉന്നത അധികാരങ്ങൾ ലഭിച്ചപ്പോഴൊക്കെ അദ്ദേഹം ആദ്യം ചെയ്തത് അധികാര പത്രങ്ങൾ തിരുഹൃദയത്തിനും മാതാവിന്റെ വിമലഹൃദയ ത്തിനും സമർപ്പിക്കുക യായിരുന്നു. അവർ നൽകിയ ശക്തി, കർത്തവ്യം തൃപ്തികരമായി ചെയ്തു തീർക്കാൻ സഹായിച്ചു.



# 2

## കനീസിയൂസച്ചനുമൊത്ത് ഒരു ദിവസം

കനീസിയൂസച്ചനുമൊത്ത് ഒരു ദിവസം പ്രാർത്ഥനയിൽ കഴിയണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. ഒരു ദിവസം പെട്ടെന്ന് ഈ ആഗ്രഹം സഹധർമ്മിണിയെ അറിയിച്ചു. "സാക്ഷാത്ക്കാര" യിൽ വച്ച് അച്ചനുമായി ഞങ്ങൾക്കു നല്ല അടുപ്പമുണ്ടായിരുന്നു. അദ്ദേഹം മരിക്കുന്നതിന് ഏതാനും ആഴ്ചകൾ മുമ്പ് ഞങ്ങൾ കാലത്ത് തന്നെ അമ്പഴക്കാട്ടെത്തി. ആശ്രമാധിപനായ എവുസേബിയൂസ് കിഴക്കുടനച്ചനെ കണ്ട് ഞങ്ങളുടെ ആഗ്രഹം പറഞ്ഞു. അച്ചൻ രോഗിയായി കഴിയുന്ന കനീസിയൂസച്ചനെ വിവരം അറിയിച്ചു. കാലത്ത് പത്ത് മണിയോടെ ഞങ്ങൾ മുറിയിലെത്തി. അച്ചന് സ്തുതി പറഞ്ഞു. അച്ചൻ ഞങ്ങളെ തിരിച്ചറിഞ്ഞുവെന്ന് മാത്രമല്ല, പേര് പോലും അറിയാമായിരുന്നു. വളരെ സ്നേഹത്തോടെ മൃദുവായ സ്വരത്തിൽ ഞങ്ങൾ പലതും സംസാരിച്ചു. അച്ചനുമൊത്ത് ഒരു ജപമാല ചൊല്ലി. ഇരിക്കാനും കിടക്കാനും അച്ചന് പ്രയാസമായിരുന്നു. കൈവിരലുകൾ ചുരുങ്ങി ചലനരഹിതമായിരുന്നു. വർഷങ്ങൾക്ക് മുമ്പ് ആമവാതത്തിന്റെ പിടിയിൽ അകപ്പെടുകയും പിന്നീട് പൂർണ്ണമായി മാറുകയും ചെയ്ത കാര്യം ഞങ്ങൾ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. അച്ചൻ ഞങ്ങളെ നോക്കി പുഞ്ചിരിച്ചുകൊണ്ട് മുകളിലേക്ക് നോക്കി. ദൈവ കൃപയാൽ എല്ലാം ഭംഗിയായി തീർന്നില്ലേ എന്നതായിരുന്നു നോട്ടത്തിന്റെ സാരം.



*ഫാ. കനീസിയൂസിനോടൊപ്പം (ഇടത്തു നിന്ന് വലത്തോട്ട് ) പ്രൊഫ. തട്ടിലിന്റെ ഭാര്യ ആനി ടീച്ചർ, ബ്ര. അത്തനാസിയൂസ് സി.എം.ഐ., പ്രിയോർ ഫാ. എവുസേബിയൂസ് കിഴക്കൂടൻ സി.എം.ഐ, പ്രൊഫ. തട്ടിൽ.*

അദ്ദേഹത്തെ ശുശ്രൂഷിച്ചിരുന്ന സഹായി കൈകൾ ഉഴിഞ്ഞുകൊണ്ടിരുന്നു. കുറച്ച് കഴിഞ്ഞ് ആ ജോലി ഞാൻ ഏറ്റെടുത്തു. സന്തോഷത്തോടെ അതിലുപരി എന്തോ വലിയ കാര്യം ചെയ്യുന്നു എന്ന അഭിമാനത്തോടെ ഞാൻ തടവിക്കൊടുത്തു. അച്ചൻ എന്റെ കണ്ണുകളിൽ തന്നെ നോക്കിയിരുന്നു. മക്കളെ കുറിച്ചും അവരുടെ ജോലിയെ കുറിച്ചും ഞാൻ അച്ചനോട് പറഞ്ഞു. ഉപദേശങ്ങളൊന്നും നല്കാനുള്ള ആരോഗ്യം അദ്ദേഹത്തിനില്ലായിരുന്നു. കഴുത്തിൽ കോളർ ധരിച്ചിരുന്നു. അതിനാൽ കഴുത്ത് തിരിക്കാൻ പ്രയാസപ്പെട്ടു. മുമ്പിൽ വന്നിരിക്കാൻ എന്റെ ഭാര്യ ആനിയോട് ആംഗ്യം കാണിച്ചു. അച്ചനെ നന്നായി കാണാവുന്ന രീതിയിൽ അവർ ഇരുന്നു. ശാരീരികമായി ഏറെ അവശനാണെങ്കിലും ഓർമ്മയുടെ കാര്യത്തിൽ കാര്യമായി കുഴപ്പമൊന്നുമില്ലെന്ന് ഞങ്ങൾ ഗ്രഹിച്ചു. ഉച്ചയായപ്പോൾ അച്ചന് കഞ്ഞി എത്തി. ഉച്ചഭക്ഷണത്തിനായി പ്രിയോരച്ചൻ ഞങ്ങളെ ഊട്ടുമുറിയിലേക്ക് ക്ഷണിച്ചു.

ഭക്ഷണശേഷം പ്രിയോരച്ചനോട് സംസാരിച്ചപ്പോൾ അദ്ദേഹം സഹിച്ചുകൊണ്ടിരുന്ന രോഗപീഡകൾ എത്ര





കഠോരമെന്ന് മനസ്സിലാക്കാൻ സാധിച്ചു. ആമവാതത്തിന്റെ ദുരിതങ്ങൾക്കിടയിൽ വിസർപ്പം എന്ന രോഗം അദ്ദേഹത്തെ ഗ്രസിച്ചു. തീപ്പൊള്ളലിൽ ഉണ്ടാകുന്ന പോളങ്ങൾ പോലെ നെഞ്ചിൽ മുഴുവൻ പോളങ്ങൾ. അസഹ്യമായ വേദനയും നീറ്റലും അനുഭവപ്പെട്ടു. കിടക്കാൻ പ്രയാസമായിരുന്നു. നിദ്രാവിഹീനങ്ങളായ രാത്രികളിൽ അദ്ദേഹം തേങ്ങി കരയുമായിരുന്നു. രോഗങ്ങൾ നീക്കി തരണമെന്ന് അദ്ദേഹം പ്രാർത്ഥിച്ചില്ല. സഹിക്കാൻ ശക്തി തരണമേയെന്ന് പ്രാർത്ഥിച്ചു.

അമലയിൽ രോഗിയായിരുന്ന അവസരത്തിൽ അദ്ദേഹം കിടന്നിരുന്ന മുറിയുടെ അടുത്ത മുറിയിൽ കാൻസർ രോഗത്താൽ പീഡിതനായ ഒരു യുവാവ് കിടന്നിരുന്നു. അയാൾ വലിയ ഒരു ഉദ്യോഗസ്ഥനായിരുന്നു. കടുത്ത നിരാശ അയാളെ കീഴടക്കി. ശാപവാക്കുകൾ കൊണ്ട് ഭാര്യയെ പോലും അയാൾ വേദനിപ്പിച്ചു. വിശുദ്ധനായ ഒരു വൈദികനാണ് അടുത്ത മുറിയിൽ ചികിത്സയിൽ കഴിയുന്നതെന്ന് അയാളുടെ ഭാര്യ മനസ്സിലാക്കി. അവൾ കനീസിയുസച്ചനെ കണ്ടു. പ്രാർത്ഥനാ സഹായം അഭ്യർത്ഥിച്ചു. രണ്ട് ദിവസത്തിനുള്ളിൽ അയാൾ ശാന്തനായി. രോഗിയായ അച്ചൻ തന്നെ അയാളെ കുമ്പസാരിപ്പിച്ചു. ശാന്തനായി അയാൾ കുർബ്ബാനയും രോഗീലേപനവും സ്വീകരിച്ച് നിത്യസമ്മാനത്തിന് യാത്രയായി.



*ഫാ. കനീസിയൂസിനൊപ്പം വസിച്ചിരുന്ന ഫാ. ഡൺസ്റ്റൺ ഒലക്കേങ്കൽ സി.എം.ഐ, പ്രൊഫ. തട്ടിൽ, ഭാര്യ ആനി ടീച്ചർ.*

ഊണും വിശ്രമവും കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം "വാവ യേശുനാഥാ" എന്ന ഗാനം ആലപിച്ചു. അദ്ദേഹത്തെ കാണാൻ വരുന്ന നവസന്യാസിനികളോട് ഈ ഗാനം പാടാൻ അച്ചൻ ആവശ്യപ്പെടാറുണ്ട്. ആ ഗാനത്തിൽ അദ്ദേഹം ലയിക്കുന്നത് പോലെ തോന്നി. രോഗശുശ്രൂഷയിൽ ഏർപ്പെട്ടിരുന്ന സഹായിയെ കുറിച്ച് ഏറെ ബഹുമാനത്തോടെ അച്ചൻ ഞങ്ങളോട് പറഞ്ഞു, "എന്റെ എല്ലാ കാര്യങ്ങളും എത്ര ഭംഗിയോടെ ചെയ്തു തരുന്നു.എനിക്ക് യാതൊരു കോട്ടവും ഉണ്ടാകരുതെന്ന് അദ്ദേഹത്തിന് നിർബന്ധമാണ്. കഷ്ടപ്പെടുന്ന മക്കൾക്കുവേണ്ടി ധാരാളം പ്രാർത്ഥിക്കണം."

യാത്ര പറഞ്ഞ് പിരിയുന്നതിന് മുമ്പ് അച്ചന്റെ ഏതാനും ഫോട്ടോകൾ എടുക്കാൻ ഞങ്ങൾക്കുവേണ്ടി പ്രിയോരച്ചൻ അനുവാദം ചോദിച്ചു. മാളയിൽ നിന്നുള്ള ഫോട്ടോഗ്രാഫറെ വിവരം അറിയിച്ചു. ഏതാനും മിനിട്ടുകൾക്കകം അയാൾ എത്തി. ഞങ്ങൾ പത്ത് ഫോട്ടോകൾ എടുത്തു. കനീസിയൂസച്ചനും സഹായിയും ചേർന്ന് നില്ക്കുന്നതായിരുന്നു ഒരു ഫോട്ടോ. അതിന്റെ കോപ്പി അയാൾക്കു നൽകണമെന്ന് കനീസിയൂസച്ചൻ ഞങ്ങളോട് പറഞ്ഞു. ജീവിതത്തിലെ ഒരു അമൂല്യ നിധിയായി ഈ ഫോട്ടോകളെ ഞാൻ കരുതുന്നു. കനീസിയൂസച്ചൻ വിശുദ്ധനാണെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. ചാവറ പിതാവും കനീസിയൂസച്ചനും സി. എം. ഐ. സഭയുടെ അൾത്താരയിൽ പ്രതിഷ്ഠക്കപ്പെടുന്ന ദിവസങ്ങൾ വളരെ അകലെയല്ലെന്ന് ഞാൻ കരുതുന്നു.

യാത്രചൊല്ലി പിരിയുന്നതിന് മുമ്പ് ഞങ്ങൾ അച്ചന്റെ ആശീർവാദം ആവശ്യപ്പെട്ടു. വളരെ ബുദ്ധിമുട്ടിയാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞങ്ങളെ ആശീർവദിച്ചത്. ഞങ്ങൾ കൈമുത്തി യാത്ര പറഞ്ഞു. അനുഗ്രഹീതമായ ആ ദിവസം ഞങ്ങൾ ഒരിക്കലും മറക്കില്ല.



# 3

## കർമ്മയോഗി

### പ്രിയോർ ജനറൽ

നീണ്ട പതിനാറു വർഷം വൈദിക വിദ്യാർത്ഥികളുടെ പരിശീലകനായി പ്രവർത്തിച്ച കനീസിയൂസച്ചൻ യഥാർത്ഥത്തിൽ കർമ്മയോഗി ആയിരുന്നു. മനസിനിണങ്ങിയ ദൗത്യമായി ഇതിനെ അദ്ദേഹം വിശേഷിപ്പിക്കുന്നു. പഠിക്കാനും പഠിപ്പിക്കാനും അടങ്ങാത്ത ആവേശം അദ്ദേഹത്തിന് എന്നുമുണ്ടായിരുന്നു. 1966-ൽ 51-ാം വയസ്സിൽ പ്രിയോർ ജനറലായി അവരോധിക്കപ്പെട്ടപ്പോൾ അത് ഉൾക്കൊള്ളാൻ പ്രയാസം അനുഭവപ്പെട്ടു. അത് സ്വീകരിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഒരേ ഒരു ചിന്ത "ദൈവേഷ്ടം" മാത്രം ആണ്.

പടർന്നു പന്തലിച്ച് ഫലങ്ങൾ ചൂടി നില്ക്കുന്ന സി. എം. ഐ. സഭയുടെ വിവിധങ്ങളായ കർമ്മരംഗങ്ങളിൽ ആധ്യാത്മികതയുടെ പരിവേഷം നല്കേണ്ടത് കാലത്തിന്റെ ആവശ്യമായിരുന്നു. അതിനായി ദൈവം ഒരുക്കിയെടുത്ത ഉപകരണമായിരുന്നു കനീസിയൂസച്ചൻ. ഇൻഡ്യയിലെ ഏറ്റവും വലിയ ഏതദ്ദേശീയ സഭയാണ് സി. എം. ഐ. സഭ. പതിനഞ്ച് പ്രോവിൻസുകളും മിഷൻ കേന്ദ്രങ്ങളും കേരളത്തിലും ഇൻഡ്യയുടെ വിവിധ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമായി അതിനുണ്ട്. ഇവയുടെ പൊതുവായ നിയന്ത്രണം പ്രിയോർ ജനറലും ആലോചനാ സംഘവും നിർവഹിക്കുന്നു. സഭയുടെ അരൂപിയുടെ കാവൽ ഭടന്മാരാണ് ഈ സംഘം.

കോളേജിനെ ഏല്പിച്ചു. കൗൺസിലിന്റെ വെളിച്ചത്തിൽ സഭയിൽ വരുത്തേണ്ട കർമ്മപരിപാടികളെ പഠിച്ച് പ്ലാൻ തയ്യാറാക്കാൻ ഒരു വിദഗ്ധ സമിതി രൂപീകരിച്ചു. ഫാ. ക്ലെമന്റ് തോട്ടുങ്കൽ, ഫാ. മാവരുസ്, ഫാ. സാലസ്, ഫാ. റോജർ എന്നിവർ ഇതിലെ അംഗങ്ങളായിരുന്നു. ഈ സമിതിയുടെ പ്രവർത്തനങ്ങൾ, കൗൺസിൽ വിഭാവനം ചെയ്ത നവീകരണം സഭയിൽ ഉണ്ടാക്കുവാൻ സഹായിച്ചു. ദൈവശാസ്ത്ര തത്ത്വങ്ങൾക്കും ധാർമ്മികതയ്ക്കും ചേർന്ന രീതിയിലുള്ള നവീകരണങ്ങൾക്ക് മാത്രമെ സഭയിൽ സ്ഥാനമുള്ളൂ. സന്ന്യാസ സമൂഹങ്ങൾക്ക് വിശ്വാസ സമൂഹത്തോടുള്ള പ്രതിബദ്ധതയ്ക്ക് അദ്ദേഹം എന്നും ഊന്നൽ നല്കിയിരുന്നു. പ്രാർത്ഥനയും പ്രവർത്തനവും രണ്ടും രണ്ടല്ല. ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ദൈവ രാജ്യത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങളിൽ കരുത്ത് നല്കുന്നത് പ്രാർത്ഥനയാണ്.

ആധുനിക സമൂഹത്തിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം ശരിയായി മനസ്സിലാക്കിയ വ്യക്തിയായിരുന്നു ഫാ. കനീസിയുസ്. ദീപിക ദിനപത്രത്തെ കാലോചിതമായി നവീകരിക്കാൻ സാമ്പത്തിക സഹായം ജനറാളച്ചന്റെ ഫണ്ടിൽനിന്നും നല്കുകയുണ്ടായി. കൊച്ചിൻ കലാഭവന്റെ വളർച്ചയ്ക്ക് പ്രധാന പങ്ക്വഹിച്ച ആബേലച്ചന്റെ പ്രവർത്തനങ്ങളെ അംഗീകരിക്കുകയും പല രീതിയിലും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കലാഭവൻ സ്റ്റുഡിയോ വിറ്റഴിച്ച ഷെയറുകളിൽ 50 എണ്ണം സി. എം. ഐ. സഭ വാങ്ങിച്ചു. ആബേലച്ചന്റെ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തുവാൻ കനീസിയൂസച്ചന് സാധിച്ചു. തിരുക്കർമ്മങ്ങളോടനുബന്ധമായി അദ്ദേഹം രചിച്ച മനോഹര ഗാനങ്ങൾ "അൾത്താരയിലെ വാനമ്പാടി" എന്ന ബഹുമതി അദ്ദേഹത്തിന് നേടിക്കൊടുത്തു. എത്രയോ കലാകാരന്മാരുടെ ഹൃദയത്തിൽ സ്നേഹനിധിയായ ആ വൈദികൻ സ്ഥാനം പിടിച്ചിരിക്കുന്നു.

കലാഭവന്റെ ഒരു ബസ് ഒരു സ്കൂളിന്റെ മുമ്പിൽ കിടക്കുമ്പോൾ ആ ബസ്സിന്റെ മുൻവശത്ത് സ്ഥാപിച്ചിരിക്കുന്ന ആബേലച്ചന്റെ ചിത്രം നോക്കി ഒരു സാധാരണക്കാരൻ എന്നോട് പറഞ്ഞ കാര്യങ്ങൾ മനസ്സിൽ തങ്ങി നില്ക്കുന്നു. എത്രയോ കലാകാരന്മാർക്ക് അദ്ദേഹം ഭക്ഷണം നൽകി, താമസസ്ഥലം

"സഭാ നവീകരണം" ഇതായിരുന്നു പുതിയ പ്രിയോർ ജനറലിന്റെ അജണ്ട. "ക്രിസ്തു സമൂഹത്തെ നവീകരിക്കുക, ആത്മീയമായി സഭയെ ഉയർത്തുക". അജപാലന ദൗത്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് ആശ്രമാധിപൻമാർക്ക് അദ്ദേഹം നിർദ്ദേശം നൽകി. ഇടവക വൈദികരെ സഹായിക്കാൻ സഭ മുന്നോട്ട് വന്നത് ഈ കാലഘട്ടത്തിലാണ്. സന്ന്യാസ വൈദികർ സദാ കർമ്മനിരതരായി നില്ക്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരശാലകൾ, അഗതി മന്ദിരങ്ങൾ, പ്രസ്സുകൾ, യൂത്ത് പരിശീലന കേന്ദ്രങ്ങൾ, തുടങ്ങിയ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കാനുള്ള പരിശീലനം വൈദികർക്ക് നൽകാനുള്ള കർമ്മ പരിപാടികൾ അദ്ദേഹം ആവിഷ്ക്കരിച്ചു.

ആഗോള സഭയുടെ നവീകരണം കുറിച്ചുവച്ച മഹത്സംഭവമായിരുന്നല്ലോ രണ്ടാം വത്തിക്കാൻ കൗൺസിൽ. അതിന്റെ വിവിധ ഡിക്രികൾ പഠന വിഷയമാക്കാൻ വൈദികരെ അദ്ദേഹം ഉപദേശിച്ചു. 1967-ൽ കൗൺസിൽ രേഖകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യാനുള്ള ചുമതല "ധർമ്മാരാം"



*റാഞ്ചിയിലെ പ്രഥമ ബാച്ച് വൈദികവിദ്യാർത്ഥികളോടും, മാസ്റ്റർ ഫാ. സെബാസ്റ്റ്യൻ അമ്പൂക്കനോടും കൂടെ, പ്രൊവിൻഷ്യാൾ ഫാ. കനീസിയൂസ്.*

ഒരുക്കി, സാമ്പത്തിക സഹായം നൽകി. അവരിൽ ചിലരൊക്കെ സിനിമയിൽ തിളങ്ങുന്നവരാണ്. അവരെല്ലാം അച്ചനെ നന്ദിയോടെ ഓർക്കുന്നു. കലാഭവൻ മണി, ജയറാം തുടങ്ങിയവരുടെ പേരും അയാൾ പറഞ്ഞു.

1969-ൽ കനീസിയൂസച്ചന്റെ ശ്രമഫലമായി പിറന്നതാണ് ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജ്. "ധർമ്മാരാം" സെമിനാരിയുടെ തൊട്ടുപുറകിലാണ് ഈ സ്ഥാപനം. ബാംഗ്ലൂർ യൂണിവേഴ്സിറ്റിയുടെ തിലകക്കുറിയാണ് ഇത്. ഇന്ന് ഈ കോളേജിന് സർവകലാശാല പദവി ലഭിച്ചിരിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം 'കരിക്കുല'ത്തിന്റെ ഭാഗമാക്കിയതോടെ ഇൻഡ്യയുടെ നാനാഭാഗത്തു നിന്നും വിദ്യാർത്ഥികൾ ഇവിടേക്ക് ഒഴുകുന്നു. പഠനത്തിലുള്ള മികവ്, അച്ചടക്കം, ഗവേഷണത്തിലുള്ള ഊന്നൽ തുടങ്ങിയ കാര്യങ്ങൾ ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് കാരണമാണ്. സ്റ്റാഫിന്റെ കൂട്ടായ്മയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന നേട്ടമെന്ന് മുൻ പ്രിൻസിപ്പൽ പെ. ബ. കരിയിലച്ചൻ എന്നോട് പറയുകയുണ്ടായി.


സി. എം. ഐ. സഭയ്ക്ക് സാർവദേശീയ അംഗീകാരം നേടിത്തന്ന ഒരു ചരിത്ര സംഭവം കനീസിയൂസച്ചന്റെ ഭരണകാലത്തുണ്ടായി. 1967-ൽ റോമിൽ U.S.G (Union of Superior Generals) എന്ന സംഘടനയുടെ ഒരു സമ്മേളനം നടന്നു. സന്ന്യാസ സഭകളുടെ ഉയർന്ന മേധാവികളും ഏതാനും ഉന്നതശ്രേഷ്ഠരും ഇതിൽ പങ്കെടുത്തു. റോമിലെ പല പണ്ഡിതന്മാരും കഥാനായകന്റെ കഴിവിനെ അംഗീകരിച്ചു. കാരണം ആ സമ്മേളനത്തിൽ നടന്ന പല ചർച്ചകളിലും അദ്ദേഹം സജീവമായി പങ്കെടുത്തു. സഭയുടെ യശസ്സ് ഉയർത്താനും "എക്സെംപ്റ്റ് പദവി" ലഭിക്കാനും ഈ ചർച്ചാസമ്മേളനം വഴി തെളിയിച്ചു. ഇതേ തുടർന്നാണ് സാഗർ, ബിജ്നോർ, ജഗ്ദൽപൂർ എന്ന മിഷൻ കേന്ദ്രങ്ങൾ സഭയ്ക്ക് ലഭിച്ചത്.

## പ്രൊവിൻഷ്യൽ

പ്രിയോർ ജനറൽ സ്ഥാനം ഒഴിഞ്ഞ കനീസിയൂസച്ചന് മറ്റൊരു ഉത്തരവാദിത്തം ദൈവപരിപാലയിൽ ലഭിച്ചു. 1972-ൽ അദ്ദേഹം ദേവമാതാ പ്രോവിൻസിന്റെ ഉന്നത അധികാരിയായ പ്രൊവിൻഷ്യൽ ആയി തിരഞ്ഞെടുക്കപ്പെട്ടു. മൂന്ന് കൊല്ലത്തെ ഭരണത്തിനിടയിൽ ശ്രദ്ധേയമായ പല കാര്യങ്ങളും അദ്ദേഹം







*സി.എം.ഐ. പ്രിയോർ ജനറാൾ ഫാ. മാവുരൂസ്, ബാംഗ്ലൂർ ധർമ്മാരാം കോളേജ് റെക്ടർ ഫാ. കനീസിയൂസിനും സെമിനാരിക്കാർക്കും ഒപ്പം.*

ചെയ്തു. നമ്മുടെ പിതാവായ തോമാശ്ലീഹായുടെ തിരുശേഷിപ്പ് അടങ്ങുന്ന പേടകം 1953-ൽ യൂജിൻ ടിസറാങ്ങ് തിരുമേനിയാണ് കേരളത്തിലേക്ക് കൊണ്ടുവന്നത്. വലിയ സ്വീകരണമാണ് ഈ തിരുശേഷിപ്പിന് അന്ന് ലഭിച്ചത്. അലങ്കരിച്ച തീവണ്ടിയിൽ ടിസറാങ്ങ് തിരുമേനിയുടെ ജൈത്രയാത്ര ഇന്നും മനസ്സിലുണ്ട്.

ഒല്ലൂർ റെയിൽവേ സ്റ്റേഷനിൽ ടിസറാങ്ങ് തിരുമേനിക്ക് സ്വീകരണം നൽകിയത് ഓർക്കുന്നു. അന്ന് ഞാൻ രണ്ടാം ക്ലസ്സ് വിദ്യാർത്ഥിയായിരുന്നു.പ്രസ്തുത തിരുശേഷിപ്പ് സൂക്ഷിക്കാനുള്ള അധികാരം പരിശുദ്ധ പിതാവ് സി. എം. ഐ. സഭയെ ഏല്പിച്ചുവെന്നത് സഭയ്ക്ക് നല്കിയ വലിയ അംഗീകാരമായിരുന്നു. ചരിത്രപ്രസിദ്ധമായ മുസരിസ് ആണല്ലോ ഇന്നത്തെ കൊടുങ്ങല്ലൂർ. പെരിയാറിന്റെ കിഴക്കെ തീരത്താണ് അഴീക്കോട്. കായലിനോട് തൊട്ടുരുമ്മി നില്ക്കുന്ന മാർത്തോമ്മ ഷ്റൈൻ പുനരുദ്ധരിച്ചത് വി. തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 19-ാം ശതാബ്ദി ആഘോഷവേളയിലാണ്. ജനങ്ങൾക്ക് ദിവ്യബലിയിൽ സജീവമായി പങ്കെടുക്കാനുതകുന്ന രീതിയിൽ ഒരു ദേവാലയമായി അത് രൂപപ്പെട്ടു.

ഈ കാലയളവിൽ രണ്ട് പ്രധാനപ്പെട്ട ദൗത്യങ്ങൾ പ.

സിംഹാസനം കനീസിയൂസച്ചനെ ഏല്പിച്ചു. 1972-ൽ ഡൽഹിയിലെ പ്രസിദ്ധമായ ഹോളി ഫാമിലി ആശുപത്രി നടത്തിക്കൊണ്ടിരുന്ന മെഡിക്കൽ മിഷൻ സിസ്റ്റേഴ്സ് എന്ന സന്ന്യാസ സഭയിൽ ചില ആഭ്യന്തര പ്രശ്നങ്ങൾ ഉടലെടുത്തു. അത് പരിഹരിച്ചെടുക്കാൻ അദ്ദേഹം തീവ്രമായി പരിശ്രമിച്ചു. ആത്മാർത്ഥമായ പരിശ്രമവും പ്രാർത്ഥനയും ബുദ്ധിമുട്ടുകളെ തരണം ചെയ്യാൻ അദ്ദേഹത്തിന് സഹായകമായി. തുടർന്ന് മറ്റൊരു ദൗത്യം തിരുസിംഹാസനം കനീസിയൂസച്ചനെ ഏല്പിച്ചു. പാല, ചങ്ങനാശ്ശേരി, കോതമംഗലം തുടങ്ങിയ സ്ഥലങ്ങളിൽ തിരുഹൃദയ സന്യാസിനീ മഠങ്ങൾ ഉണ്ടായിരുന്നു. സ്വതന്ത്രമായ ഈ മഠങ്ങൾക്ക് സ്വന്തമായ നിയമാവലിയും പ്രവർത്തന മേഖലകളും ഉണ്ടായിരുന്നു. ഈ സന്ന്യാസിനീ സമൂഹങ്ങളെ ഒരു കുടക്കീഴിലാക്കുക പ്രയാസമുള്ള ജോലിയായിരുന്നു. രണ്ടര വർഷത്തെ ശ്രമത്തിലൂടെ ഈ സന്യാസിനീ സമൂഹങ്ങളെ ഒരു സുപ്പീരിയർ ജനറലിന്റെ കീഴിൽ കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചു. 1976-ൽ ഇവർക്ക് വേണ്ടി തയ്യാറാക്കിയ ഭരണഘടനയ്ക്ക് റോമിന്റെ അംഗീകാരം ലഭിച്ചു. തിരുസഭാധികാരികൾക്കും സന്ന്യാസ സമൂഹങ്ങൾക്കും ഏറ്റവും തൃപ്തികരമായ രീതിയിലാണ് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടത്. ഈ രണ്ട് സഭകളും അച്ചനെ വളരെയധികം ആദരിച്ചിരുന്നു. അദ്ദേഹത്തിന്റെ കല്ലറയിൽ വന്ന് പ്രാർത്ഥിക്കാനുള്ള സന്യാസിനികളുടെ ആവേശം അമ്പഴക്കാട്ട് ആശ്രമത്തിന്റെ അധികാരികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ദൈവം തന്നെ ഭരമേല്പിച്ച ഏതൊരു അധികാരവും സേവനത്തിനുള്ള തുറവികളായി അദ്ദേഹം മനസ്സിലാക്കി. ബൈബിൾ പഠനങ്ങൾക്കോ സന്ന്യാസമൂല്യങ്ങൾക്കോ, സഭാപാരമ്പര്യങ്ങൾക്കോ യോജിക്കാത്തതൊന്നും അദ്ദേഹത്തിന് സ്വീകാര്യമായിരുന്നില്ല. കാര്യങ്ങൾ നേടാൻ ഏത് മാർഗ്ഗവും സ്വീകരിക്കുന്ന ഇന്നത്തെ ചിന്താഗതി അദ്ദേഹം ശക്തിയുക്തം നിരാകരിച്ചു. ദൈവത്തിന്റെ വഴികൾ ഇടുങ്ങിയതെങ്കിലും ലക്ഷ്യപ്രാപ്തിയ്ക്ക് അനുയോജ്യമാണ്. ഈ വഴിയിലൂടെയുള്ള പ്രയാണത്തിൽ മാർഗ്ഗനിർദ്ദേശം നൽകുന്നത് സഭയുടെ ചട്ടങ്ങളാണ്. സേവനത്തിലൂടെ നടന്നു നീങ്ങിയ പുണ്യപുരുഷൻ കർമ്മലസഭയുടെ യഥാർത്ഥ പുത്രനും കേരളസഭയുടെ അഭിമാനവുമാണ്.



# 4

## ജ്ഞാനയോഗി

ദാവീദ് രാജാവിന്റെ കാലശേഷം മകൻ സോളമൻ രാജാവായി. അധികാരമേറ്റശേഷം വലിയ ജനാവലിയോടെ അദ്ദേഹം ഗിബയോനിലെ ആരാധനാലയത്തിലേക്ക് പോയി. ബലിപീഠത്തെ സമീപിച്ച് കൃതജ്ഞതാസ്തോത്രം പാടി ദൈവത്തെ സ്തുതിക്കുകയും ആയിരം ദഹനബലികൾ അർപ്പിക്കുകയും ചെയ്തു. രാത്രിയിൽ ദൈവം സോളമന് പ്രത്യക്ഷനായി. ദൈവം ചോദിച്ചു "നിന്റെ പ്രാർത്ഥനയിലും ദഹനബലിയിലും ഞാൻ സംപ്രീതനായിരിക്കുന്നു. നിനക്ക് എന്ത് വരമാണ് ഞാൻ നല്കേണ്ടത്?" സോളമൻ വിനയാന്വിതനായി ഉത്തരം നല്കി. "ഈ ജനത്തെ നയിക്കുവാൻ ജ്ഞാനവും വിവേകവും നൽകണമെ." ദൈവം സോളമന് ഉത്തരമരുളി. "സമ്പത്തോ ധനമോ പ്രശസ്തിയോ ശത്രുനിഗ്രഹമോ ദീർഘായുസ്സ് പോലുമോ നീ ചോദിച്ചില്ല.... ഞാൻ നിനക്ക് ജ്ഞാനവും വിവേകവും നൽകുന്നു."

പഴയനിയമഗ്രന്ഥമായ ദിനവൃത്താന്തത്തിൽ സോളമനെ കുറിച്ച് പ്രതിപാദിക്കുന്ന ഈ വിവരണം കനീസിയൂസച്ചനിൽ അന്വർത്ഥമായി. ജ്ഞാനം ആഗ്രഹിച്ചു. അതിനായി പരിശ്രമിച്ചു. എന്നും ദൈവമായ കർത്താവ് അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. സഞ്ചരിക്കേണ്ട പാതകൾ തെളിഞ്ഞുതെളിഞ്ഞ് വന്നപ്പോൾ ആ പാതയിലൂടെ അദ്ദേഹം നടന്നു. ജ്ഞാനത്തെ തേടിയുള്ള ഈ താപസന്റെ അലച്ചിൽ ഈ അദ്ധ്യായത്തിൽ നമുക്ക് കാണാം.

കൊച്ചൗസേപ്പ് കുഞ്ഞായിരുന്നപ്പോൾ ആനന്ദപുരം, പരിഷ്കാരം ഒട്ടും ചെന്നെത്താത്ത ഒരു കുഗ്രാമമായിരുന്നു. വിസ്തൃതമായ വയലേലകൾ, വലിയതും ചെറിയതുമായ വൃക്ഷങ്ങൾ തിങ്ങി നിറഞ്ഞ മനപ്പറമ്പുകൾ, തലയുയർത്തി നില്ക്കുന്ന തെങ്ങിൻ തോപ്പുകൾ, അങ്ങിങ്ങായി കാണുന്ന കർഷകരുടെ ആകർഷകമല്ലാത്ത വീടുകൾ, കുടിലുകൾ - ഇത്രയുമായാൽ ആനന്ദപുരം ഗ്രാമമായി. എടുത്ത് പറയാവുന്ന രണ്ട് പൊതുസ്ഥാപനങ്ങൾ - മഹാവിഷ്ണു ക്ഷേത്രവും സർക്കാർ പ്രൈമറി സ്കൂളും. സ്ഥലത്തെ പ്രമുഖരായ ശ്രീ. ശങ്കരവാര്യരും പ്രിയതമ ശ്രീമതി നാരായണി വാരസ്യാരും പണിയിച്ച് സർക്കാരിന് ഏല്പിച്ച പ്രൈമറി സ്കൂളാണ് ആ പ്രദേശത്തുണ്ടായിരുന്ന ഏക സരസ്വതീ ക്ഷേത്രം. കനീസിയുസച്ചന്റെ പ്രൈമറി വിദ്യാഭ്യാസം ഈ വിദ്യാലയത്തിലായിരുന്നു. ഒന്നാം ക്ലാസിൽ പഠിക്കാനുള്ള പ്രായം കുട്ടിയ്ക്ക് തികഞ്ഞിരുന്നില്ല. എന്നാലും ഹെഡ്മാസ്റ്റർ രാമയ്യ എന്ന പട്ടർ മാഷിന്റെ ഒത്താശമൂലം സ്കൂളിൽ പഠനം തുടങ്ങി. മിക്കവാറും അക്കാലത്തെ എല്ലാ കുട്ടികളും പ്രൈമറി വിദ്യാഭ്യാസം കൊണ്ട് തൃപ്തരായിരുന്നു.

പ്രായം തികയാതെ ഒന്നാം ക്ലാസിൽ ചേർന്നു പഠിക്കാൻ സഹായിച്ച ഒരു സംഭവം അദ്ദേഹത്തിന്റെ സഹോദരിയും സന്യാസിനിയുമായ സിസ്റ്റർ സർസീല വിവരിക്കുന്നു. ഒരു ദിവസം ഇൻസ്പെക്ടർ പരിശോധനയ്ക്കു വന്നു. കുട്ടികളോട് ചോദ്യങ്ങൾ ചോദിച്ചു. ചോദ്യങ്ങൾക്കെല്ലാം കൊച്ചൗസേപ്പ് ഭംഗിയായി ഉത്തരം പറഞ്ഞു. ഇൻസ്പെക്ടർ ഹെഡ്മാസ്റ്ററോട് പറഞ്ഞു "കൊച്ചൗസേപ്പ് എന്ന കുട്ടിയെ ഒന്നാം ക്ലാസ്സിൽ ചേർത്തോളു. പ്രായം നോക്കേണ്ട". അങ്ങനെ ബാലൻ ഒന്നാം ക്ലാസ്സ് വിദ്യാർത്ഥിയായി.

മഹാനായ ഒരു വ്യക്തിയുടെ നല്ല തുടക്കം. ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകൻ ഗോപാലൻ മാസ്റ്ററായിരുന്നു. ഈ അധ്യാപകനോട് ഏറെ ബഹുമാനം എന്നും കനീസിയുസച്ചൻ മനസ്സിൽ സൂക്ഷിക്കുകയും പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. കൊച്ചൗസേപ്പിന്റെ അക്കാലത്തെ കളിത്തോഴൻ ശങ്കുണ്ണി നായരായിരുന്നു.







*ഫാ. കനീസിയൂസും തട്ടിൽ ദമ്പതികളും ഫാ. കനീസിയൂസിന്റെ രോഗശയ്യക്കരികിൽ. കൊതുകുവലയ്ക്കുള്ള ഫ്രെയിമും അതിൽ തൂക്കിയിട്ടിരിക്കുന്ന ബെഡ് സ്വിച്ചും കാണാം.*

പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞു. ആറ് കിലോമീറ്റർ അകലെ പറപ്പൂക്കരയിൽ ഒരു മിഡിൽ സ്കൂൾ തുടങ്ങിയിരുന്നു. കൊച്ചൗസേപ്പ് പുതിയ സ്കൂളിൽ ചേർന്നു. മാസങ്ങൾക്കുള്ളിൽ സ്കൂളിന്റെ പ്രവർത്തനം നിലച്ചതിനാൽ പഠനം നിലച്ചു. പഠിക്കാനുള്ള മോഹം കുട്ടിയിൽ നിറഞ്ഞു നിന്നിരുന്നു. അതിനാൽ മൂത്ത ജ്യേഷ്ഠൻ എൽത്തുരുത്ത് സ്കൂളിൽ പോയി കാര്യങ്ങൾ തിരക്കി. ബോർഡിങ്ങ് റെക്ടർ കമ്മീലൂസച്ചനായിരുന്നു. വീട്ടിൽനിന്ന് അകന്ന് കഴിയുവാൻ കുട്ടിയ്ക്ക് പ്രയാസമാകുമെന്ന് പറഞ്ഞ് പ്രവേശനം നിഷേധിച്ചു. എങ്കിലും 1927ൽ ബോർഡിംഗിൽ ചേർന്നു. 7-ാം ക്ലാസ്സ് വരെ അവിടെ പഠിച്ചു. വൈദികനാകാനുള്ള മോഹത്തോടെ ഹൈസ്കൂൾ പഠനം പാവർട്ടി സെന്റ് ജോസഫ്സ് സ്കൂളിൽ ആയിരുന്നു. ആ വിദ്യാലയത്തിലെ പ്രഗത്ഭരായ അദ്ധ്യാപകരെ അദ്ദേഹം ഓർക്കുന്നു - അഡോൾഫസച്ചനും ലാസറച്ചനും. സി. എം. ഐ. സഭയിലെ ശ്രദ്ധേയരായ വൈദികരായിരുന്നു ഇരുവരും.

സമർത്ഥരായ വൈദിക വിദ്യാർത്ഥികളെ മംഗലാപുരം മേജർ സെമിനാരിയിൽ അയച്ച് പഠിപ്പിക്കുക സി.എം. ഐ. സഭയുടെ നയമായിരുന്നു. പല പ്രമുഖ വൈദികരും

കനീസിയൂസച്ചന്റെ കൂടെ താമസിച്ചവരാണ്. അവരിൽ പ്രമുഖരാണ് സാഗർ രൂപതയുടെ മെത്രാനായിരുന്ന ക്ലെമന്റ് തോട്ടുങ്കലും രാജ്കോട്ട് രൂപതയുടെ മെത്രാനായിരുന്ന ജോനസ് തളിയത്തും. പ്രഗത്ഭരായ ഈശോസഭ വൈദികർ ഈ സെമിനാരിയിലെ പ്രൊഫസർമാരായിരുന്നു. പ്രഗത്ഭരായ വിദ്യാർത്ഥികളിൽ ഒരാളായി നമ്മുടെ കഥാനായകൻ അറിയപ്പെട്ടു.

വൈദികനായശേഷം 1944 ജനുവരിയിൽ ശ്രീലങ്കയിലെ കാൻഡി സെമിനാരിയിൽ ഉപരിപഠനത്തിനായി അയയ്ക്കപ്പെട്ടു. പഠനശേഷം ചെത്തിപ്പുഴയിലെ മേജർ സെമിനാരിയിൽ പ്രൊഫസറായി നിയമിതനായി. ശ്രദ്ധാപൂർവം ഒരുങ്ങി അദ്ദേഹം ക്ലാസ്സെടുത്തു. തന്റെ ആത്മകഥാക്കുറിപ്പിൽ അദ്ദേഹം ഇങ്ങനെ കുറിച്ചു "ജ്ഞാനം സമ്പാദിക്കുന്നതിലും പകർന്നു കൊടുക്കുന്നതിലും അതീവ സംതൃപ്തി എനിക്ക് അനുഭവപ്പെട്ടു."

1948-ൽ റോമിലേക്ക് ഉപരിപഠനത്തിനായി ഫാ. കനീസിയൂസ് അയയ്ക്കപ്പെട്ടു. പൊന്തിഫിക്കൽ ബിബ്ളിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് 1909-ൽ വി. പത്താം പിയൂസ് പാപ്പയാണ് ആരംഭിച്ചത്. വളരെ പേർ ബൈബിൾ പഠനത്തിനും ഗവേഷണ ത്തിനും ഇവിടെയെത്തുന്നു. സി. എം. ഐ. സഭയിൽ നിന്ന് ബൈബിൾ പഠനത്തിന് ആദ്യമായി നിയോഗിക്കപ്പെട്ട വ്യക്തി ഈ വൈദികനായിരുന്നു. ഇൻഡ്യയിൽ ബൈബിൾ പഠനത്തിൽ ഡോക്ടറേറ്റ് ലഭിക്കുന്ന ആദ്യത്തെ വ്യക്തിയും ഫാ. കനീസിയൂസ് ആയിരുന്നു. ബൈബിൾ പഠനം സുഗമമാക്കാൻ ഭാഷാപഠനം ആവശ്യമായിരുന്നു. അതിനാൽ ലത്തീൻ, ഗ്രീക്ക്, ഹീബ്രു എന്നീ ഭാഷകൾ അദ്ദേഹം പഠിച്ചു.

ഇത്തരുണത്തിൽ ഫാ. കനീസിയൂസ് ബൈബിൾ വിജ്ഞാനീയത്തിൽ തയ്യാറാക്കിയ തീസിസിനെ പറ്റി ചില കാര്യങ്ങൾ മനസ്സിലാക്കുന്നത് നല്ലതാണ്. 16-ാം നൂറ്റാണ്ടിൽ പാശ്ചാത്യസഭയിൽ അലയടിച്ച നവോത്ഥാന ചിന്തകളുടെ ഫലമായാണ് പ്രൊട്ടസ്റ്റന്റ് സഭ ഉത്ഭവിച്ചത്. വിറ്റൻബർഗ്ഗ് സർവകലാശായിൽ പ്രഫസറായിരുന്ന മാർട്ടിൻ ലൂഥർ അദ്ദേഹത്തിന്റെ പുതിയ ആശയങ്ങളുമായി രംഗത്തുവന്നു.





1517 ഒക്ടോബർ 31-ാം തിയ്യതി വിറ്റൻ ബർഗ്ഗിലെ കൊട്ടാര കപ്പേളയുടെ ചുമരിൽ ചരിത്രപ്രസിദ്ധമായ 95 പ്രമേയങ്ങൾ എഴുതി പതിച്ചു. തുടർന്ന് കുറെ ലഘുലേഖകളും ഇറക്കി. സഭയ്ക്കെതിരായി ലൂഥർ പ്രചരിപ്പിച്ച ആശയങ്ങൾ ഏതാണ്ട് ഇപ്രകാരമായിരുന്നു.

വിശ്വാസത്തിന് ആധാരമായി ബൈബിളിനെ മാത്രം ലൂഥർ അംഗീകരിച്ചു. ബൈബിൾ പ്രഘോഷണമാണ് എല്ലാത്തിന്റെയും അടിസ്ഥാനം. നീതീകരണം വിശ്വാസം വഴി ലഭിക്കുന്ന ദൈവത്തിന്റെ ദാനമാണ്. മനുഷ്യപ്രകൃതി തിന്മ നിറഞ്ഞതായതിനാൽ നിത്യരക്ഷയ്ക്കുള്ള മാർഗ്ഗം ക്രിസ്തുവിലുള്ള വിശ്വാസം മാത്രമാണ്. മനുഷ്യൻ അപൂർണ്ണനായതുകൊണ്ട് വിശുദ്ധഗ്രന്ഥ വ്യാഖ്യാനത്തിൽ അപ്രമാദിത്വം ആർക്കും ഇല്ല. മാർപാപ്പയുടെ പരമാധികാരം, ദൈവമാതാവിനോടുള്ള ഭക്തി, വിശുദ്ധരുടെ മാദ്ധ്യസ്ഥ്യം, ശുദ്ധീകരണസ്ഥലം, മരിച്ചവർക്കുള്ള പ്രാർത്ഥന, കുമ്പസാരം ഇവയെ അവർ എതിർക്കുന്നു. കത്തോലിക്കാസഭയിൽ നിലവിലുള്ള ഏഴ് കൂദാശകളിൽ മാമ്മോദീസയും തിരുവത്താഴവും മാത്രം അവർ സ്വീകരിക്കുന്നു.



*ബാംഗ്ലൂർ ധർമ്മാരാം കോളേജ് അങ്കണത്തിൽ, റെക്ടർ ഫാ. കനീസിയൂസും പ്രൊഫസർമാരും, ഇന്റർനൂൺഷ്യോ കർദ്ദി. നോക്സിനെയും സംഘത്തെയും സ്വീകരിച്ചപ്പോൾ - 1962*

ലൂഥറിനോടൊപ്പം അഗസ്തീനയൻ ആശ്രമത്തിൽ താമസിച്ചിരുന്ന സന്യാസിയായിരുന്നു സെരിപാൻഡോ. പിന്നീട് അദ്ദേഹം കർദ്ദിനാളായി. ലൂഥറിന്റെ തത്ത്വങ്ങളെ ഖണ്ഡിച്ചു കൊണ്ട് അദ്ദേഹം പഠനങ്ങൾ നടത്തി. കത്തോലിക്കാ വിശ്വാസം സംരക്ഷിക്കാൻ സെരിപാൻഡോ നൽകിയ സംഭാവന വിലപ്പെട്ടതാണ്. കർദ്ദിനാൾ സെരിപാൻഡോയും അന്ന് വിമർശിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഗവേഷണ ഫലങ്ങൾക്ക് കൂടുതൽ വെളിച്ചം നൽകുവാൻ കനീസിയൂസച്ചന്റെ ഗവേഷണഗ്രന്ഥത്തിന് സാധിച്ചു. "ബൈബിൾ എങ്ങനെ വ്യാഖ്യാനിക്കപ്പെടണം" എന്ന സമസ്യയ്ക്ക് പ്രത്യുത്തരമാണ് ഈ തീസീസ്. വി.പൗലോസിന്റെ ലേഖനങ്ങൾ മനസ്സിലാക്കാനുള്ള ശ്രമം അദ്ദേഹം നടത്തി.

കനീസിയൂസച്ചന്റെ ബൈബിൾ ക്ലാസ്സുകൾ ഏറെ സജീവമായിരുന്നു. വിശുദ്ധ നാട്ടിലെ ഒരോ പ്രദേശത്തിന്റേയും ഭൂമിശാസ്ത്രപരവും ചരിത്രപരവുമായ പശ്ചാത്തലം വിവരിച്ചുകൊണ്ടാണ് ബൈബിളിലെ ആശയങ്ങൾ അവതരിപ്പിക്കപ്പെട്ടിരുന്നത്.

ഉദാഹരണത്തിന് പലസ്തീനായിലെ കർമ്മല മല സമുദ്രനിരപ്പിൽ നിന്ന് 2000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. ഈ മലയിൽ വെച്ചാണ് ഏലിയാ പ്രവാചകന് പരിശുദ്ധ കന്യകാമറിയത്തിന്റെ ദർശനം ഉണ്ടായത്. ദൈവസ്നേഹത്താൽ പ്രവാചകൻ ജ്വലിച്ചു. കർമ്മല മല ആത്മീയ ഉണർവ്വിന്റെ പ്രതീകമാണ്. ഉത്തമ കർമ്മലീത്താ വൈദികർ ഏലിയാ ദീർഘദർശിയിൽ നിന്ന് ആവേശം ഉൾക്കൊള്ളണം.

ബൈബിൾ വിജ്ഞാനീയത്തിൽനിന്ന് ഉൾക്കൊണ്ട കാര്യങ്ങൾ പകർന്നു കൊടുക്കുവാൻ ലഭിച്ചിരുന്ന ഒരവസരവും ഈ ജ്ഞാനയോഗി പാഴാക്കിയില്ല. ആഘോഷങ്ങളിൽ നിന്നും അനാവശ്യ സന്ദർശനങ്ങളിൽ നിന്നും പൂർണ്ണമായി അദ്ദേഹം ഒഴിഞ്ഞ് നിന്നിരുന്നു. ചെത്തിപ്പുഴ വൈദിക വിദ്യാർത്ഥികളുടെ പ്രൊഫസറായ കാലത്തും ധർമ്മാരാം റെക്ടറായിരുന്ന





കാലത്തും വചനം പ്രഘോഷിക്കുവാൻ ധാരാളം അവസരങ്ങൾ അദ്ദേഹത്തിന് ലഭിച്ചു.

വചനം ജീവിതത്തിൽ പകർത്തുവാൻ അതീവശ്രദ്ധ ഈ ജ്ഞാനയോഗിക്ക് ഉണ്ടായിരുന്നു. പ്രാർത്ഥനയും ആത്മീയോപദേശവും ഒത്ത് ചേർന്ന പ്രവർത്തന ശൈലിയാണ് അദ്ദേഹം സ്വീകരിച്ചത്. വൈദിക മേലദ്ധ്യക്ഷരും, വൈദികരും സന്യാസികളും അത്മായരും അദ്ദേഹത്തിന്റെ ഉപദേശം തേടിയവരുടെ ഗണത്തിൽപ്പെടുന്നു. കൊടുങ്ങല്ലൂർ കോവിലകത്തെ കുഞ്ഞിക്കുട്ടി തമ്പുരാട്ടി ആത്മീയ ഉപദേശം തേടിയവരിൽപ്പെടുന്നു. വാദപ്രതിവാദങ്ങളിലൂടെ പ്രശ്ന പരിഹാരം നടത്താൻ അദ്ദേഹം തുനിഞ്ഞിരുന്നില്ല. പ്രശ്നങ്ങൾ അദ്ദേഹം ശ്രദ്ധിച്ചു കേട്ടിരുന്നു. എല്ലാം കേട്ടശേഷം അദ്ദേഹം പറയും "നമുക്കൊന്ന് പ്രാർത്ഥിക്കാം". മിക്കവാറും ഈ പ്രാർത്ഥന ദിവ്യകാരുണ്യ സന്നിധിയിൽ ആയിരിക്കും. അദ്ദേഹം പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ ഏത് നിരീശ്വരനും പ്രാർത്ഥനയിൽ നിമഗ്നനാകും. സന്ദർശകർ പ്രതീക്ഷിക്കുന്നത് ഉപദേശത്തേക്കാൾ പ്രാർത്ഥനയായിരുന്നു. വിശ്വാസവും പ്രതീക്ഷയും ഉണർത്തുന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ സംസാരശൈലി. ക്രിസ്തുവിന്റെ അനുഭവങ്ങൾ ധ്യാനിച്ച് സ്വന്തമാക്കുക. സമാധാനത്തോടെ ജീവിക്കാനുള്ള ഏകമാർഗ്ഗം അതാണ്. ഏത് പ്രതിസന്ധിയിലും ശാന്തത ലഭിക്കാൻ ഈ ചിന്താഗതി സഹായകമാണെന്ന് സ്വന്തജീവിതത്തിൽ അദ്ദേഹം തെളിയിച്ചു.

റവ. ഫാ. കനീസിയൂസ് തെക്കേക്കര സി.എം.ഐ.



# 5

## ധർമ്മാരാം കോളേജ് റെക്ടർ

ബാംഗ്ലൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന മനോഹരമായ സെമിനാരിയാണ് "ധർമ്മാരാം" കോളേജ്. ഭാരതീയ ദർശനത്തിൽ "ധർമ്മം"എന്ന വാക്ക് അർത്ഥ സമ്പുഷ്ടമാണ്. പുണ്യം, ഭക്തി, കടമ, സദാചാരം തുടങ്ങിയ അർത്ഥങ്ങൾ ഈ വാക്കിനുണ്ട്. "ആരാമം" പൂന്തോട്ടത്തിനുള്ള മറ്റൊരു പദമാണ്. ഈ ആരാമത്തിലെ പുഷ്പങ്ങൾ വൈദിക വിദ്യാർത്ഥികളാണ്. സി. എം. ഐ. സഭയുടെ വിവിധ പ്രവിശ്യകളിൽ നിന്നുള്ള എല്ലാ വിദ്യാർത്ഥികളും ഇവിടെ പരിശീലിപ്പിക്കപ്പെടുന്നു. ഇന്ന് മററ് സഭകളിൽ നിന്നുള്ള വിദ്യാർത്ഥികളും ഇവിടെ പഠിക്കുന്നു. ധാരാളം ഗവേഷണ വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ ഉപരിപഠനത്തിനായി എത്തുന്നു.

1960-ൽ കനീസിയൂസച്ചൻ റെക്ടറായി നിയമിതനായി. 1966 വരെ ആ ജോലിയിൽ തുടർന്നു. പ്രഥമ റെക്ടർ പെ. ബ. ക്രിസ്റ്റോം അച്ചനായിരുന്നു. "ധർമ്മാരാമി"ന്റെ ശൈശവം 45 കാരനായ ഈ പുണ്യാത്മാവിൽ ഭദ്രമായിരുന്നു. ഒരു പിതാവിന്റെ സ്നേഹവും കരുതലും അച്ചനുണ്ടായിരുന്നു. ഗുരുകുല സമ്പ്രദായത്തിലായിരുന്നു കോളേജ് വിദ്യാഭ്യാസം അദ്ദേഹം ചിട്ടപ്പെടുത്തിയത്. ഗുരുക്കന്മാരും ശിഷ്യഗണവും ഒരേ കൂരയിൻ കീഴിൽ താമസിക്കുക, ഒരുമിച്ച് പ്രാർത്ഥിക്കുക, ഒരേ ഭക്ഷണം ഒരേ ഭക്ഷണശാലയിൽനിന്ന് കഴിക്കുക, ഒരുമിച്ച് കളിക്കുക - ഇതെല്ലാം ധർമ്മാരാമിന്റെ പ്രത്യേകതകളാണ്. കുട്ടികളുടെ കൂടെ ഷട്ടിലും ബാസ്ക്കറ്റ്ബോളും, വോളിബോളും

വാശിയോടെ കളിക്കുന്ന ഗുരുഭൂതന്മാരെ കണ്ടിട്ടുണ്ട്. സന്ദർകർക്ക് വളരെ കൗതുകമുള്ള കാഴ്ചയായിരുന്നു അത്.

പറന്നു നില്ക്കുന്ന ഒരു പെലിക്കൻ പക്ഷിയുടെ ഘടനയിലായിരുന്നു ധർമ്മാരാമിന്റെ പ്രധാന കെട്ടിടം. ചിറകുകളുടെ സ്ഥാനത്ത് 6 കെട്ടിടങ്ങൾ. 3 കെട്ടിടങ്ങൾ ഒരു വശത്തും ശേഷിച്ചവ മറുവശത്തും. പക്ഷിയുടെ ശരീര ഭാഗത്ത് ക്ലാസ്സ് മുറികൾ, ലാബുകൾ, ഓഡിറ്റോറിയം, ലൈബ്രറി, ചാപ്പൽ തുടങ്ങിയവ. കനീസിയൂസച്ചന്റെ കാലത്തെ സംവിധാനങ്ങളാണ് മേൽപറഞ്ഞത്. മനോഹരമായ ഓഡിറ്റോറിയത്തിന് ഇന്നും മാറ്റമൊന്നുമില്ല.

"ധർമ്മാരാം" പുണ്യത്തിന്റെ പൂന്തോട്ടമാണെങ്കിൽ അതിന്റെ തോട്ടക്കാരൻ ദിവ്യഗുരുവായ യേശുവാണ്. കനീസിയൂസച്ചൻ പലപ്പോഴും പറഞ്ഞിട്ടുണ്ട് "ഞാൻ ഈ തോട്ടത്തിലെ വേലക്കാരൻ മാത്രം". വളവും വെള്ളവും നൽകുക, കളകൾ നീക്കം ചെയ്യുക, മണ്ണ് ഇളക്കിയിടുക, വെട്ടിയൊതുക്കുക തുടങ്ങിയവയാണ് തോട്ടക്കാരന്റെ ജോലി. റെക്ടറച്ചനും മറ്റ് ഗുരുക്കന്മാരും അവരവരുടെ വേലകളിൽ ഏർപ്പെടുന്നു. സെമിനാരിയിലെ ഓരോ വിദ്യാർത്ഥിയെയും മനസ്സിലാക്കാനുള്ള കഴിവ് അച്ചനുണ്ട്. പേരുകൾ അദ്ദേഹം മനഃപാഠമാക്കിയിരുന്നു. ഈ കഴിവ് പലരേയും അത്ഭുതപ്പെടുത്തിയിട്ടുണ്ട്.

"ധർമ്മാരാ"മിന്റെ ശൈശവം ക്ലേശങ്ങളുടേതായിരുന്നു. കേരളത്തിൽ സി. എം. ഐ. സഭ സകലരുടേയും ആദരം പിടിച്ചുപറ്റിയ സന്ന്യാസസഭയായിരുന്നു. അവർ നടത്തുന്ന വിദ്യാലയങ്ങൾ ജനശ്രദ്ധ പിടിച്ചുപറ്റി. ആശ്രമങ്ങൾ അജപാലന ശുശ്രൂഷയിൽ മികവ് കാണിച്ചിരുന്നു. സന്യാസസഭക്കാർ നടത്തുന്ന ധ്യാനങ്ങൾ ജനങ്ങളിൽ ആത്മീയ ഉണർവുണ്ടാക്കാൻ പോന്നതായിരുന്നു. എന്നാൽ ബാംഗ്ലൂരിലെ ഈ സെമിനാരിക്ക് ചെറിയ എതിർപ്പുകളെ നേരിടേണ്ടിവന്നു. സംശയദൃഷ്ടിയോടെ ഈ സ്ഥാപനത്തെ വീക്ഷിച്ചവരുണ്ട്. "ധർമ്മാരാ"മിന് എതിരായി ഉയർന്നു വന്ന പരാതികൾ മെത്രാപ്പോലീത്തയായ ഡോ. തോമസ് പോത്തക്കാമുറിയുടെ ചെവിയിലും എത്തിയിരുന്നു.







*ഫാ. കനീസിയൂസ് റെക്ടർ ആയിരിക്കേ, ബാംഗ്ലൂർ ധർമ്മരാം കോളേജ് അങ്കണം*

വൈദികർക്കും സന്ന്യസ്തർക്കും വർഷത്തിൽ ഒരിക്കൽ മുഴുവൻ ധ്യാനമുണ്ട്. ആത്മപരിശോധനയ്ക്കും പ്രാർത്ഥനയ്ക്കുമായി എട്ടോ പത്തോ ദിവസങ്ങൾ ചെലവഴിക്കുന്നു. മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് വാർഷിക ധ്യാനം "ധർമ്മാരാം" കോളേജിൽ കഴിക്കണമെന്ന ആഗ്രഹം കനീസിയൂസച്ചനെ അറിയിച്ചു. "ധർമ്മാരാം" മുഴുവൻ ആഹ്ളാദത്തോടെ സ്വാഗതം ചെയ്ത ഒരു വാർത്തയായിരുന്നു അത്. ഊഷ്മളമായ സ്വീകരണം അദ്ദേഹത്തിന് നൽകി. മെത്രാപ്പോലീത്തായ്ക്കും സെക്രട്ടറിയായ വൈദികനും എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു. വൈദിക വിദ്യാർത്ഥികളുടെ പെരുമാറ്റം, പഠനരീതി, കളിസ്ഥലത്തുള്ള അവരുടെ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികളും അധ്യാപകരുമായുള്ള സമ്പർക്കം - ഇവയെല്ലാം പിതാവ് ശ്രദ്ധിച്ചു.

മുഴുവൻ ധ്യാനത്തിന്റെ നാലാം ദിവസം മെത്രാപ്പോലീത്ത പ്രഭാതഭക്ഷണ സമയത്ത് ഊട്ടു മുറിയിൽ എത്തി. "ധർമ്മാരാം" സമൂഹത്തോട് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ടെന്ന് മൈക്കിലൂടെ അദ്ദേഹം പറഞ്ഞു. ജിജ്ഞാസയും, ഉൽകണ്ഠയും മുറ്റി നില്ക്കുന്ന നിമിഷങ്ങളായിരുന്നു അവ.

എല്ലാവരും പരസ്പരം നോക്കി. മെത്രാപ്പോലീത്ത ഇങ്ങനെ പറഞ്ഞു, "സ്നേഹമുള്ള കനീസിയൂസച്ചാ, വൈദികരേ, വൈദിക വിദ്യാർത്ഥികളേ, എന്റെ വാർഷികധ്യാനം ഇവിടെ അവസാനിക്കുന്നു. നിങ്ങൾ കരുതുന്നതുപോലെ ഞാൻ ധ്യാനിക്കാൻ വന്നതല്ല. നിങ്ങളെ പരീക്ഷിക്കാൻ വന്നതാണ്. ഈ സെമിനാരിയിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ച് അനുകൂലവും പ്രതികൂലവുമായ ഒട്ടേറെ വാർത്തകൾ ഞാൻ കേട്ടിട്ടുണ്ട്. അവയുടെ സത്യാവസ്ഥ മനസ്സിലാക്കാനുള്ള പരിശ്രമമായിരുന്നു ഇത്. ഈ പരീക്ഷയിൽ നിങ്ങൾ ഉന്നത വിജയം നേടിയിരിക്കുന്നു. നിങ്ങളുടെ റെക്ടർ കനീസിയൂസച്ചനെയും നിങ്ങളുടെ ഗുരുക്കന്മാരെയും നിങ്ങളേയും ഞാൻ അഭിനന്ദിക്കുന്നു.

മെത്രാപ്പോലീത്ത ഡോ. തോമസ് പോത്തക്കാമുറിയുമായുള്ള ബന്ധം ശക്തമായി തുടർന്നു. "ധർമ്മാരാ"മിന്റെ വളർച്ചയിൽ സംപ്രീതനായ അദ്ദേ... അദ്ദേഹത്തിന്റെ സ്വത്തിന്റെ പകുതി "ധർമ്മാരാ ... വും

പ്രഗത്ഭരായ വൈദികവരേ ... ടുക, രുന്നിട്ടുണ്ട് അവരിൽ നിന്നെല്ലാം ക... ാലി. രിക്കുന്ന ഘടകം അദ്ദേഹം സ്നേ... ൽ പിതാവായിരുന്നുവെന്നതാണ്. അത് ... യും അനുഭവം കുടിയാണ്. ... ദ്ദേഹം

തെറ്റുകൾ തിരുത്തുന്... പോലും ഏ... ത്തോടെ ആയിരുന്നു. ... പ്രോത്സാഹിപ്പിക്കാൻ അദ്ദേഹം ഒട്ടും പിശുക്ക് ... ച്ചിരുന്നില്ല. ഏതെങ്കിലും തരത്തിൽ കഴിവ് പ്രകടിപ്പിക്കുന്ന... സമൂഹത്തെ ...റിയി...ുക എന്ന രീ... പാരിതോഷിക...ൾ ന...ൽകി അവരെ ആദ... മഹാനു... വിശു...ദ്ധനുമായ അദ്ദേഹത്താൽ ആദരിക്ക... തിനും ...ർത്തപ്പെടുന്നതിനും എനിക്കും ഭാഗ്യം ല...

"ധ...ാരാ"മിൽ വിവിധ ... ജോ... രുണ്ടായിരുന്നു. അവരോ... സ്നേ... ടെ പെരുമാറുമായിരുന്ന ... മിന് ഏർ...ന്ന ഒരു വേലക്കാര... ഹോ... ലിൽ പ്രവേശിച്ചിപ്പിക്ക...





ഹോസ്പിറ്റൽ ചെലവ് വഹിക്കാനും 3 മാസത്തെ ശമ്പളം നൽകാനും അദ്ദേഹം കൽപന നല്കി. അപകടത്തിൽ മരിച്ച ഒരു ജീവനക്കാരന്റെ കുടുംബത്തിന് വളരെ നാൾ പ്രതിമാസം ഒരു നിശ്ചിത തുക നൽകാനും അയാളുടെ സഹോദരന് ജോലി നൽകാനും അദ്ദേഹം ശുപാർശ ചെയ്തു. ചേരികൾ സന്ദർശിച്ച് പാവപ്പെട്ടവർക്ക് മരുന്നും വസ്ത്രവും ആഹാരവും നൽകി സേവനം ചെയ്യാൻ വൈദിക വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിച്ചിരുന്നു.

ബോംബെയിൽ 1964-ൽ നടന്ന 38-ാമത്തെ ദിവ്യകാരുണ്യ കോൺഗ്രസ്സ് ഏറെ പ്രാധാന്യമുള്ള ഒരു ചരിത്ര സംഭവമാണ്. ഈ കോൺഗ്രസ്സിൽ "ധർമ്മാരാ"മിന്റെ പങ്കാളിത്തം ശ്രദ്ധേയമാണ്. സീറോമലബാർ സഭയ്ക്ക് വേണ്ടി ഗായക സംഘത്തെ സജ്ജമാക്കിയത് സി. എം. ഐ. വൈദിക ... രണ്ട് മാസത്തെ തുടർച്ചയായ പരിശീലനം ... പ്രസ്തുത ഗായക സംഘത്തെ ഒരുക്കിയെടുത്തത്. ... ഗാനങ്ങളെല്ലാം കർണ്ണാടക ... വിവിധ രാഗങ്ങളിൽ ചിട്ടപ്പെടുത്തിയ മുഴ... ...സകനായ സുരേഷ് മാസ്റ്ററുടെ നിയന്ത്രണയ്ക്കു... ... സംഗീത വിരുന്ന് മാധ്യമങ്ങളുടെ മെത്രാ...



പ്രഭ... സമ... വൈ...

...കാരുണ്യ കോൺഗ്രസിൽ (1964) ഗാ... ...ിക്കാൻ, ...ത്തിന്റെ കീഴിൽ പരിശീലനം നേടുന്ന ... ർമ്മാരാം ...സംഘം.

പ്രശംസക്ക് പാത്രമായി. ബോംബെയുടെ ഹൃദയ ഭാഗത്തുള്ള ഓവൽ മൈതാനമായിയിരുന്നു വേദി. പോൾ ആറാമൻ മാർപ്പാപ്പയുടെ മഹനീയ സാന്നിധ്യത്താൽ അനുഗ്രഹീതമായ ഈ ചടങ്ങിൽ സീറോമലബാർ സഭയുടെ 90 വൈദിക വിദ്യാർത്ഥികൾ വൈദികപട്ടം സ്വീകരിച്ചു. ഈ മഹൽ സംഭവത്തിന് ആദ്യവസാനം ചുക്കാൻ പിടിച്ചത് കനീസിയുസച്ച നായിരുന്നു. കപ്പലിലും ട്രെയിനിലും ബസ്സിലുമായി കേരളത്തിൽ നിന്ന് ഒട്ടേറെ തീർത്ഥാടകർ ബോംബെയിലേക്ക് ഒഴുകിയെത്തി. ഗേറ്റ്വേ ഓഫ് ഇൻഡ്യയിലേക്കുള്ള ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ മലയാളികളായ വൃദ്ധജനങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.



# 6

## വൈയക്തിക അനുഭവങ്ങൾ

വ്യക്തിപരമായ ചില അനുഭവങ്ങൾ പങ്ക്വയ്ക്കുയാണ് ഞാൻ ഈ അദ്ധ്യായത്തിൽ. എന്നെ സംബന്ധിച്ചിടത്തോളം കനീസിയുസച്ചൻ എന്റെ മാർഗ്ഗദർശിയാണ്. ജീവിതത്തിൽ ഉണ്ടായ ചില പ്രതിസന്ധികളിൽ അദ്ദേഹം ആശ്വാസദായക നായിരുന്നു. ദൈവപരിപാലനയുടെ നിഗൂഢവഴികൾ അദ്ദേഹത്തിൽ നിന്ന് ഞാൻ മനസ്സിലാക്കി. ഒരു ചെറിയ കുട്ടിയെപോലെ അദ്ദേഹത്തെ ഞാൻ അനുസരിച്ചു. അതിന്റെ സത്ഫലങ്ങൾ എന്റെ കുടുംബത്തിനും ബന്ധുക്കൾക്കും ലഭിച്ചു.

സെന്റ് അലോഷ്യസ് ഹൈസ്കൂളിൽ അധ്യാപക നായിരുന്ന ഞാൻ 1980-ൽ സെന്റ് അലോഷ്യസ് കോളേജിൽ ചരിത്ര അധ്യാപകനായി നിയമിതനായി. ബിരുദാനന്തര ബിരുദം എടുക്കുവാൻ എന്നെ പ്രേരിപ്പിച്ചതും അച്ചൻ തന്നെയായിരുന്നു. നല്ല മാർക്കോടെ എം. എ. പാസ്സായി. റിസൽട്ട് വന്ന ഉടനെ സെന്റ് അലോഷ്യസ് കോളേജിൽ ചരിത്ര അധ്യാപകനെ ആവശ്യമുണ്ടെന്ന് പരസ്യം കണ്ടു. പ്രസ്തുത ഒഴിവിന്റെ നിജസ്ഥിതി ആന്റണി തട്ടിലച്ചനിൽ നിന്ന് മനസ്സിലാക്കി. അദ്ദേഹമായിരുന്നു ചരിത്രവിഭാഗം മേധാവി. ഒരു വൈദികനായി നീക്കിവച്ചിരിക്കുന്ന കമ്മ്യൂണിറ്റി കോട്ടയാണതെന്ന് എനിക്ക് മനസ്സിലായി. എങ്കിലും അവസാന ദിവസം എന്റെ അപേക്ഷയും ഓഫീസിലെത്തി. കുടിക്കാഴ്ചയുടെ ദിവസം, ആർക്കു വേണ്ടിയാണോ ആ പോസ്റ്റ് നീക്കി വച്ചിരുന്നത് ആ വൈദികൻ ഹാജരായില്ല. അപേക്ഷകരായി മൂന്ന് പേരെ ഉണ്ടായിരുന്നുള്ളു. ഭാഗ്യവശാൽ ഞാൻ തിരഞ്ഞെടുക്കപ്പെട്ടു.



...നാടകസംഘം, ...റെക്ടർ ...ിയൂസിനൊപ്പം.

നിയമനം ലഭിച്ച് ആറ് മാസം കഴിഞ്ഞപ്പോൾ പ്രശ്നങ്ങൾ ആരംഭി... നിയമനത്തിന് യുണിവേഴ്സിറ്റിയുടെ അംഗീകാരം നി...ക്കപ്പെട്ടു. കാരണം ലീവ് വേക്കൻസിയിൽ ജോലി ചെയ്തിരുന്ന ഒരു അധ്യാപകന് അവകാശപ്പെട്ടതാണ് ആ ഒഴിവ്. ഹൈക്കോടതിയിൽ കേസ്. ഞങ്ങൾ കുടുംബസമേതം കനീസിയൂസച്ചനെ പോയി കണ്ടു. ചാലക്കുടി പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന "സ...ക്ഷത്ക്കാര" (CSR) എന്ന ധ്യാന മന്ദിരത്തിലായിരുന്നു...ം. അന്ന് അച്ചൻ നൽകിയ ഉപദേശം എന്റെ ജീവിത... ഏറെ സ്പർശിച്ചു. അത് ഇപ്രകാരമാണ്. "നാം പ്രതീക്ഷിക്കാത്ത സമയത്ത് ദൈവം തന്ന ജോലി. അത് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ദൈവത്തിന് വിട്ടു കൊടുക്കുക. ദൈവം നിങ്ങളുടെ കൂടെ ഉണ്ട്. സന്തോഷത്തിൽ പോകുക. നന്നായി അദ്ധ്വാനിക്കുക."

ഏതാനും ആഴ്ചകൾക്ക് ശേഷം ഞാൻ അച്ചനെ സന്ദർശിക്കാനെത്തി. അന്ന് ആത്മീയ ഉപദേശത്തിനായി കൂടുതൽ സന്ദർശകർ ഉണ്ടായിരുന്നുവെന്ന് ആശ്രമവാസിയായ ഒരു വൈദികനിൽ നിന്ന് ഞാൻ മനസ്സിലാക്കി. സന്ദർശകന്റെ പേരും മറ്റു വിവരങ്ങളും ഫോമിൽ പൂരിപ്പിച്ച് നൽകാൻ പാർലർ ബോയി ആവശ്യപ്പെട്ടു. ഞാൻ വിവരങ്ങൾ നല്കി. അല്പസമയത്തിന്





ശേഷം അ... ...ച്ച നൽകി. അതിൽ ... "കണ്ട ശേഷമേ പോകാവൂ". കനീസിയൂസച്ചന്റെ ...ം" ആ കുറിപ്പിൽ ഞാൻ കണ്ടു.

...സന്ദർശകർ ഒഴിഞ്ഞശേഷം ... അച്ചനെ കണ്ടു. ...പ്രാർത്ഥിച്ചു. ചായ കുടിച്ചു. ...ശ്നത്തി... ...അച്ചൻ പറഞ്ഞു. "ഹൈക്കോടതിയിലെ നമ്മുടെ ... ...ി നമുക്ക് അനുകൂലമാണ്". ...യിരുന്നു. വീട്ടിൽ ...തിരുന്ന ആന്റണി ... കേസിൽ ജയിച്ച ...ിന്റെ പ്രതികരണം ...സാവഹമായിരുന്നു. ... പറഞ്ഞു. "ആശാനേ, സമനില തെറ്റിയോ? കേസി... ...ഇതുവരെ ആയില്ല."

കനീസിയൂസച്ചനെ ...ശിച്ച കാര്യവും മറ്റും സവിസ്തരം തട്ടിൽ അച്ചനെ അറിയിച്ചു. അച്ചന്റെ പ്രതികരണം ഇങ്ങനെയായിരുന്നു."കനീസിയൂസച്ചൻ അങ്ങനെ പറഞ്ഞുവോ? ആശ്വാസമായി" വിശുദ്ധനായ വൈദികനോട് ...രവും ബഹുമാനവും സി. എം. ഐ. സഭയിലെ ഓരോ അംഗത്ത... ഉണ്ടായിരുന്നു. കേസിന്റെ വിധി വന്നു. ...നുകൂലമായിരുന്നു. നിയമനത്തിന്റെ എല്ലാ തടസ്സങ്ങളും ...

തീർത്തും വ്യക്തിപരമായ ... അനുഭവം കുറിക്കട്ടെ. 23 വർഷങ്ങൾക്ക് മുമ്പ് എന്റെ സ... ...ിയ്ക്ക് കടുത്ത സന്ധിവാതം പിടിപ്പെട്ടു. ശരീരം മുഴുവൻ ...ന് വീർത്തു. എല്ലാ സന്ധികളിലും അസഹ്യമായ വേദന. പെരു...വൂരിനടുത്തുള്ള കീഴില്ലം പരുത്തിവയലിൽ ആയുർവേദ ആശുപത്രിയിൽ രോഗിയെ പ്രവേശിപ്പിച്ചു. വിശദ വിവരങ്ങൾ ഞാൻ അച്ചനെ അറിയിച്ചു. പ്രാർത്ഥനാ സഹായം യാചിച്ചു. 40 ദിവസം അവിടെ ചികിത്സയിലായിരുന്നു. യാക്കോബായക്കാർ നടത്തുന്ന ഈ ആശുപത്രിയിൽ പ്രാർത്ഥനയുടെ അന്തരീക്ഷമുണ്ടായിരുന്നു. പിരിഞ്ഞു പോരുമ്പോൾ ഡോ. പത്രോസ്, പറഞ്ഞു, "ടീച്ചറെ യഹോവ കാത്തു. പനി വരാതെ സൂക്ഷിക്കണം". 23 വർഷം പിന്നിട്ടു. ഇതുവരെ ഒരു ദിവസം പോലും പനിയുണ്ടായില്ല. ഒരു മരുന്നും സ്ഥിരമായി



ഫാ. കനീസിയൂസ് - അന്ത്യദിനങ്ങളിൽ
അമ്പഴക്കാട് ആശ്രമ മുറിയിൽ

കഴിക്കുന്നില്ല. നന്ദി പറയാൻ ഞങ്ങൾ എല്ലാവരും "സാക്ഷാത്ക്കാര"യിലേക്ക് പോയി. അച്ചൻ പറഞ്ഞു "നന്ദി എനിക്കല്ല, നാഥന്, സക്രാരിയിലെ ഈശോയ്ക്ക്". ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടുകുത്തി കുറെ നേരം പ്രാർത്ഥിച്ചു.

ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ കഴിഞ്ഞാൽ സി. എം. ഐ. സഭയിൽ ഏറ്റവും ആദരണീയൻ ആരെന്ന ചോദ്യത്തിന് ഒരു ഉത്തരമേ ഉള്ളൂ. "കനീസിയൂസച്ചൻ".

മറ്റൊരു സംഭവം കുറിക്കട്ടെ. എന്റെ അടുത്ത ബന്ധത്തിൽപ്പെട്ട ഒരു യുവതിയുടെ വിവാഹകാര്യം ഞാൻ അച്ചന്റെ ശ്രദ്ധയിൽ പ്പെടുത്തി. പെൺകുട്ടിയ്ക്ക് 28 വയസ്സ്





കഴിഞ്ഞിരുന്നു. അഞ്ച് വർഷങ്ങളായി ആലോചനകൾ നടന്നു വരുന്നു. അച്ചൻ പറഞ്ഞു. "ചാവറ പിതാവിനോട് പ്രാർത്ഥിക്കുക. സൗകര്യപ്പെടുമെങ്കിൽ മാന്നാനത്തെ കബറിടം സന്ദർശിക്കുക." ഞങ്ങൾ മാന്നാനത്തു പോയി ഒരു ദിവസം താമസിച്ചു. ദിവ്യബലിയിൽ പങ്കെടുത്തു. ഒരു മാസത്തിനുള്ളിൽ വിവാഹം നടന്നു.

മറ്റൊരു അനുഭവം കുറിക്കട്ടെ. എനിക്ക് പരിചയമുള്ള ഒരു മാന്യന്റെ അനുഭവം. ഗൾഫിൽ നിന്ന് നാട്ടിൽ സ്ഥിരതാമസമാക്കിയ അയാളുടെ മകൻ വലിയ മദ്യപാനി യായിരുന്നു. മകന്റെ മദ്യപാനത്തെ കുറിച്ച് വേദനയോടെ ആ ചേട്ടൻ എന്നോട് പറഞ്ഞു. ഞാൻ പറഞ്ഞു, "ഞാൻ ഒരു അഡ്രസ്സ് തരാം." കനീസിയൂസച്ചനെ കുറിച്ചും അദ്ദേഹത്തിന്റെ വിശുദ്ധിയെ കുറിച്ചും ഒരു ചെറുവിവരണം ഞാൻ നൽകി. അദ്ദേഹം C.S.R. ലേക്ക് കത്തെഴുതി. നാലഞ്ച് ദിവസം കഴിഞ്ഞപ്പോൾ കത്തിന് മറുപടിയും കിട്ടി.

*J.M.J.T.*
*C.S.R., PARIYARAM.*

*പ്രിയ കുരിയേട്ടാ,*

*കത്ത് കിട്ടി. മകന്റെ കടുത്ത മദ്യപാനത്തെക്കുറിച്ച് മനസ്സിലാക്കി. ഞാൻ പ്രാർത്ഥിക്കാം. മകനെ ഈശോയുടെ തിരുഹൃദയത്തിന് സമർപ്പിക്കുന്നു.*

*സ്നേഹപൂർവ്വം,*
*പ്രാർത്ഥനയോടെ*
*കർത്താവിൽ സ്വന്തം*
*ഫാ. കനീസിയൂസ്*

ഞാനും കുരിയേട്ടനും ഒരു വിവാഹഘോഷത്തിൽ പങ്കെടുക്കുകയായിരുന്നു. ആഘോഷങ്ങളെല്ലാം രാത്രിയിലായിരുന്നു. സമൃദ്ധിയിൽ മദ്യം ഒഴുകി. ആണുങ്ങൾ കുടിച്ച്

ഉന്മത്തരായി. സ്ത്രീകൾ വീര്യം കുറഞ്ഞ പാനീയങ്ങൾ നുണഞ്ഞു. കുരിയേട്ടൻ മകനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ലക്കില്ലാതെ മദ്യപിക്കാറുള്ള അയാളുടെ മകൻ അന്ന് ഒട്ടും കുടിച്ചില്ല. അതു ശ്രദ്ധിച്ച കുരിയേട്ടനും മദ്യപാനം അവസാനിപ്പിച്ചു. പിന്നീട് കാണുമ്പോഴൊക്കെ പറയും, "കനീസിയൂസച്ചൻ കൊള്ളാമല്ലോ."



# 7

## കുടുംബം ഭക്തിയുടെ ഈററില്ലം

കനീസിയൂസച്ചന്റെ ജീവചരിത്ര രചനയുടെ ഭാഗമായി ആനന്ദപുരത്തുള്ള തെക്കേക്കര പൊതുപറമ്പിൽ കുടുംബത്തിൽപ്പെട്ട ചില വ്യക്തികളെ പരിചയപ്പെട്ടു. തെക്കേക്കര കുടുംബകൂട്ടായ്മയുടെ സജീവപ്രവർത്തകരും ഭാരവാഹികളുമായിരുന്നു അവർ. അവരിൽ നിന്നും ലഭിച്ച ഏതാനും കാര്യങ്ങൾ ഈ അധ്യായത്തിൽ ഉൾപ്പെടുത്തുന്നു.

ഒരു സന്ന്യാസിയെന്ന നിലയിൽ സ്വന്തകുടുംബത്തിൽ നിന്നും ബന്ധുക്കളിൽ നിന്നും അകന്നു കഴിയണമെന്ന ആശയക്കാരനായിരുന്നു കനീസിയൂസച്ചൻ. സാമ്പത്തികമായോ ശുപാർശകൾ വഴിയോ ബന്ധുക്കളെ അദ്ദേഹം ഒരിക്കലും സഹായിച്ചിട്ടില്ല. ഒരു ആഘോഷങ്ങളിലും അദ്ദേഹം പങ്കെടുത്തില്ല. ജൂബിലിയാഘോഷങ്ങൾ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സന്ന്യാസിമാരുടേയും വൈദികരുടേയും "ധൂർത്ത്" എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചത്.

ഉത്തമ കുടുംബത്തിൽ ജനിച്ച്, വളർന്നതിന് കനീസിയൂസച്ചൻ ദൈവത്തിന് എന്നും നന്ദി പറഞ്ഞിരുന്നു. ലോനപ്പൻ, മറിയം ദമ്പതികൾക്ക് ഏഴ് മക്കളുണ്ടായിരുന്നു. അതിൽ ഏഴാമനാണ് കഥാനായകൻ. ധാരാളം കൃഷി ഭൂമിയുടെ ഉടമയായ ലോനപ്പൻ കഠിനാദ്ധ്വാനിയായ കർഷകനായിരുന്നു. കൊച്ചൗസേപ്പിനെ ഗർഭം ധരിച്ചിരുന്നപ്പോൾ അമ്മയ്ക്ക് ഗൗരവമുള്ള രോഗം ബാധിച്ചു. അമ്മയെ രക്ഷിക്കാൻ ഗർഭം അലസിപ്പിക്കണമെന്ന് വൈദ്യർ അഭിപ്രായപ്പെട്ടു. പക്ഷെ മറിയം

വഴങ്ങിയില്ല. അവൾ ഔസേപ്പിതാവിനോട് പ്രാർത്ഥിച്ചു. കുഞ്ഞ് ആണാണെങ്കിൽ ഔസേപ്പ് എന്ന പേര് നല്കാമെന്ന് മനസ്സിൽ ഉറച്ചു. അങ്ങനെയാണ് കൊച്ചൗസേപ്പ് എന്ന പേര് കുട്ടിയ്ക്ക് ലഭിച്ചത്. ഔസേപ്പിതാവിനോടുള്ള ഭക്തി അച്ചന് ലഭിച്ചത് അമ്മയിൽ നിന്നാണ്. വി. യൗസേപ്പിന് പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കാൻ ഭക്തരെ അദ്ദേഹം ഉപദേശിച്ചിരുന്നു.

കുട്ടിയായിരുന്നപ്പോൾ പിതാവിൽ നിന്നും നല്ല ശിക്ഷണം കൊച്ചൗസേപ്പിന് ലഭിച്ചു. വിനയത്തിലും അനുസരണയിലും വളരാൻ കുട്ടിയെ മാതാപിതാക്കൾ പഠിപ്പിച്ചു. മറ്റുള്ളവരെ സഹായിക്കാനുള്ള ശീലം അമ്മയിൽ നിന്നാണ് കുട്ടി പഠിച്ചത്. ചുറ്റുമുള്ള കർഷകതൊഴിലാളികളേയും കൂലിക്കാരേയും മറിയച്ചേടത്തി നിർല്ലോഭം സഹായിച്ചിരുന്നു. അതിന് ദൈവം നൽകിയ സമ്മാനമാണ് ദൈവപേടിയുള്ള മക്കൾ. രണ്ടുപേർ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ സേവനത്തിനായി നിയോഗിക്കപ്പെട്ടു. കനീസിയൂസച്ചൻ സി. എം. ഐ. സഭയിലും സഹോദരി സിസ്റ്റർ സർസീല ക്ലാര സഭയിലും. മറ്റുള്ളവർ മാതൃകാപരമായ കുടുംബജീവിതം നയിച്ചു. ആങ്ങളയും പെങ്ങളും തമ്മിലുള്ള ആത്മീയബന്ധം ഈടുറ്റതായിരുന്നു. അച്ചൻ പെങ്ങൾക്കയച്ച കത്തിൽ ആത്മീയത നിറഞ്ഞ് നിന്നതിനാൽ ആ കത്തുകൾ മഠത്തിൽ വായിക്കാൻ മദർ ഏർപ്പാട് ചെയ്തിരുന്നു.

1942 ഡിസംബർ 21-ന് മംഗലാപുരം മെത്രാൻ വിക്ടർ ഫെർണാണ്ടസിൽനിന്ന് വൈദിക പട്ടം സ്വീകരിച്ചു. നാട്ടിലെത്തി ആനന്ദപുരം പള്ളിയിൽ ദിവ്യബലി അർപ്പിച്ചു. ആനന്ദപുരം സർക്കാർ സ്കൂളിൽ അദ്ദേഹത്തിന് സ്വീകരണം ഒരുക്കി. തെക്കേക്കര കുടുംബാംഗങ്ങളും ജാതിമത ഭേദമെന്യേ സകലജനങ്ങളും സന്നിഹിതരായിരുന്നു. അദ്ദേഹത്തിന്റെ ഗുരുവായ ഗോപാലൻ മാസ്റ്ററുടെ വാക്കുകൾക്ക് ഒരു പ്രവചനത്തിന്റെ ശക്തിയുണ്ടായിരുന്നു. അനുമോദന പ്രസംഗത്തിൽ മാസ്റ്റർ ഇങ്ങനെ പറഞ്ഞു. "ആനന്ദപുരത്ത് ഭഗവാന്റെ കൃപയാൽ പൊട്ടിവീണ നക്ഷത്രമാണ് ഫാ. കനീസിയൂസ്. ഈ നാടിന്റെ പേരും പ്രശസ്തിയും ഈ





വന്ദ്യവൈദികനിലൂടെ ലോകം അറിയുമെന്ന് എനിക്ക് ബോധ്യമുണ്ട്."

മറുപടി പ്രസംഗത്തിൽ നവവൈദികൻ ഇങ്ങനെ പറഞ്ഞു. "ദൈവഹിതം മാത്രം നിറവേറ്റി ജീവിക്കണമെന്നതാണ് എന്റെ ആഗ്രഹം. ഇതാ കർത്താവിന്റെ ദാസി എന്ന് പറഞ്ഞ് ദൈവതിരുമനസ്സിന് പൂർണ്ണമായി സമർപ്പിച്ച പരി. കന്യകാ മാതാവാണ് എന്റെ വഴികാട്ടി." ഗോപാലൻ മാസ്റ്ററുടെ പ്രവചനം സത്യമായി. കനീസിയൂസച്ചൻ അനുഗ്രഹങ്ങൾ വർഷിക്കുന്ന ഒരു ദീപ്ത നക്ഷത്രമായി.

സാമാന്യം സമ്പന്നമായിരുന്നു തെക്കേക്കര പൊതു പറമ്പിൽ കുടുംബം. കുടുംബങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകൾ എന്തെങ്കിലുമുണ്ടെങ്കിൽ അവ പരിഹരിക്കാൻ തറവാട്ട് യോഗം എന്ന ആശയം അദ്ദേഹം അവതരിപ്പിച്ചു. അതിന്റെ നടത്തിപ്പിനായി കാരണവന്മാരെ കണ്ടെത്തി. 1994 ആഗസ്റ്റ് 15-ന് തറവാട്ട് യോഗത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം നടന്നു. ഉദ്ഘാടന വേളയിൽ എല്ലാവർഷവും അനുഷ്ഠിക്കേണ്ട കാര്യങ്ങൾ പറയുകയുണ്ടായി.

- കുടുംബപ്രതിഷ്ഠ എല്ലാ കുടുംബങ്ങളും ആഘോഷമായി പുതുക്കുക.
- മരണം മൂലം വേർപ്പെട്ട കുടുംബാംഗങ്ങളെ അനുസ്മരിച്ച് അവർക്ക് വേണ്ടി പ്രാർത്ഥിക്കുക. കുർബ്ബാന ചൊല്ലിക്കുക.
- എല്ലാവരും ദൈവമക്കളാണെന്ന ചിന്ത വളർത്തുക. ആവശ്യത്തിൽ കണ്ടറിഞ്ഞ് സഹായിക്കുക.
- പങ്കുവെച്ച് വളരുകയും മറ്റുള്ളവരെ വളർത്തുകയും ചെയ്യുക.

കനീസിയൂസച്ചൻ ആനന്ദപുരം പള്ളിയിൽ അർപ്പിക്കുന്ന കുർബ്ബാനയിൽ തെക്കേക്കര കുടുംബത്തിലെ ഓരോ വ്യക്തിയും പങ്കെടുക്കണമെന്ന് അച്ചന് നിർബന്ധമുണ്ടായിരുന്നു. ആന്തരിക ചൈതന്യം നിറഞ്ഞതായിരുന്നു ബലിയർപ്പണം. തുടർച്ചയായ പ്രാർത്ഥനയുടേയും പ്രവർത്തനത്തിന്റേയും ഫലമായി ബന്ധുജനങ്ങളിൽ ഐക്യത്തിന്റെ ഊടും പാവും നെയ്തെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു.

അദ്ദേഹം ജനിച്ചു വളർന്ന വീട് സംരക്ഷിക്കപ്പെടണ മെന്നത് അച്ചന്റെ ആഗ്രഹമായിരുന്നു. ദൈവപരിപാലന യിൽ അത് ഒരു ആവശ്യമാകാം. സി. എം. ഐ. സഭയെ അത് ഏൽപ്പിച്ചു.

ഉപദേശം വളരെ കുറച്ച് നൽകുന്ന രീതിയാണ് അച്ചൻ അവലംബിച്ചിരുന്നത്. അച്ചന്റെ സാന്നിദ്ധ്യം മാനസാന്തരത്തിന് ഉതകിയതായിരുന്നു. ഒരു സംഭവം കുറിക്കട്ടെ. അതിരപ്പിള്ളി വെള്ളച്ചാട്ടം കാണാൻ പോയ 4 യുവാക്കൾ ഉല്ലാസയാത്രയും കഴിഞ്ഞ് മടങ്ങുമ്പോൾ ''സാക്ഷാത്കാര''യിലെത്തി. പരിയാരത്തുള്ള സി.എം.ഐ. സഭയുടെ ധ്യാനകേന്ദ്രമാണിത്. അവരിൽ ഒരാളുടെ ബന്ധുവായ വൈദികനെ കാണാൻ അയാൾ മാത്രം കാറിൽ നിന്നിറങ്ങി. മറ്റു മൂന്നുപേരും കാറിൽ തന്നെ യിരുന്നു. കനീസിയൂസച്ചൻ തൽസമയം തോട്ടത്തി ലായിരുന്നു. കാറിന്റെ അടുത്തുവന്ന് കാറിലിരുന്ന മൂന്നുപേരെയും ചായയ്ക്ക് ക്ഷണിച്ചു. ആദ്യം അവർ ക്ഷണം നിരസിച്ചു. അച്ചന്റെ നിർബന്ധം മൂലം അവർ ചായകഴിച്ചു. അവർ മദ്യപിച്ചിരുന്നതി നാലാണ് കാറിൽ നിന്ന് ഇറങ്ങാൻ മടിച്ചത്. സംഭവം ഇവിടെ തീരുന്നില്ല.

അടുത്ത ഡിസംബറിൽ കനീസിയൂസച്ചന് ഒരു ക്രിസ്തുമസ്സ് കാർഡ് കിട്ടി. അതിൽ ഒരു കത്തും ഒരു കുടുംബഫോട്ടോയും അടക്കം ചെയ്തിരുന്നു.

*സ്നേഹ ബഹുമാന്യ ഫാദർ,*

*ഒരു ഹിന്ദു യുവാവാണ് ഈ കത്ത് എഴുതന്നത്. മാസങ്ങൾക്ക് മുമ്പ് അതിരപ്പിള്ളിയിൽ നിന്ന് മടങ്ങവെ ഞാനും എന്റെ കൂട്ടുകാരും അങ്ങയുടെ ആശ്രമത്തി ലെത്തി. ഞങ്ങളുടെ സുഹൃത്ത് മാത്രം ബന്ധുവായ വൈദികനെ കാണാൻ ആശ്രമത്തിലേക്ക് പോയി. ഞങ്ങളെല്ലാം അന്ന് മദ്യപിച്ചിരുന്നു. അച്ചന്റെ സല്ക്കാരം മനസ്സിൽ ഇപ്പോഴുമുണ്ട്. മദ്യപാനം ചീത്ത ശീലമാ ണെന്നും അത് ഉപേക്ഷിക്കണമെന്നും അങ്ങ് പറഞ്ഞില്ല.*





*എങ്കിലും എന്റെ മനസ്സിൽ കുറ്റബോധം ഉണർന്നു. ഒരുപക്ഷെ അങ്ങയുടെ സാന്നിദ്ധ്യത്തിന്റെ ശക്തിയാവാം അത്. ഏതായാലും ഞാൻ മദ്യപാനം ഉപേ ക്ഷിച്ചു. നന്ദിയുണ്ട്. നന്ദി സൂചകമായി ഞാൻ ഒരു കമ്പിളി പുതപ്പ് അയയ്ക്കുന്നു.*

*സവിനയം, സുരേഷ്.*

ആമവാതം പിടിപ്പെട്ട് കൈവിരലുകൾ ചുരുണ്ടുപോയ അവസ്ഥയിലായിരുന്നു അന്ന് കനീസിയൂസച്ചൻ. അതിനാൽ ഒരു സഹായിയെ കൊണ്ടാണ് മറുപടി എഴുതിച്ചത്. വിശുദ്ധരുടെ സാന്നിദ്ധ്യം എത്രയോ അനുഗ്രഹദായകമാണ്.

ഒരിക്കൽ അദ്ദേഹം ഇങ്ങനെ എഴുതി. "വിഷമിക്കുന്ന സഹോദരങ്ങളിൽ അപാരമായ അനുകമ്പയും ഉൽക്കണ്ഠയും എന്നിൽ സംജാതമാകാറുണ്ട്. അവരെ ദിവ്യനാഥന് സമർപ്പിക്കുകയും അവരെ സഹായിക്കാൻ അവിടത്തെ നിർബന്ധിക്കുകയും ചെയ്യുന്നു. ഓടിച്ചെന്ന് അവരെ സഹായിക്കാനും ആശ്വസിപ്പിക്കാനുമുള്ള തന്മയത്വവും സാര സ്യവും എനിക്കില്ല. എന്റെ സാന്നിധ്യമല്ല ദൈവത്തിന്റെ സാന്നിധ്യമാണ് അവർക്ക് ആവശ്യം. പ്രാർത്ഥനയും പ്രായ ശ്ചിത്തവുമാണ് ഏറ്റം ഫലപ്രദമെന്ന് അനുഭവത്തിൽ നിന്ന് ഞാൻ പഠിച്ചിരിക്കുന്നു. പ്രാർത്ഥനകൊണ്ട് മറ്റുള്ളവർക്ക് ഉൾപ്രകാശവും പ്രത്യാശയും ആത്മധൈര്യവും നേടി ക്കൊടുക്കുകയാണ് എന്റെ ദൈവവിളി."

# ആത്മീയതേജസ്സ്

...ം. റാഫേൽ തട്ടിൽ

...ന്മശതാബ്ദിയുടെ നക്ഷത്രശോഭയിൽ
തിളങ്ങിനിൽക്കുന്ന ഫാ. കനീസിയൂസ്
'വിശുദ്ധനക്ഷത്ര'മായി
പ്രശോഭിക്കുന്ന നാളുകൾ വിദൂരമല്ല.

ആ ആത്മീയ തേജസ്സിന്റെ, വിശുദ്ധമായ വ്യക്തിത്വത്തിലേക്ക്
വെളിച്ചം വീശുന്ന അനുഭവാധിഷ്ഠിത ഗ്രന്ഥമാണിത്.

...യുടെ ആത്മീ...ചാര്യനും
...വുമായിരുന്ന ...

...ിയ...പ്പെട്ടിരുന്നത്.

...ൻ...

...ും

...ിരുന്നു.